**പതിനാലാം കേരള നിയമസഭ**

# (FOURTEENTH KERALA LEGISLATIVE ASSEMBLY)

**സബ്ജക്ട് കമ്മിറ്റി VI**

## (SUBJECT COMMITTEE VI)

**വിദ്യാഭ്യാസം**

## (EDUCATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**

(2016 മാർച്ച് 31 വരെയുള്ളത്)

**(PERIODICAL REPORT AS ON 31ST MARCH, 2016)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

2016 ഒക്ടോബർ 5-ാം തീയതി സമർപ്പിച്ചത്
(Presented on 5th October, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ
(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി VI
## (SUBJECT COMMITTEE VI)

## വിദ്യാഭ്യാസം
## (EDUCATION)

**പീരിയോഡിക്കൽ റിപ്പോർട്ട്**
(2016 മാർച്ച് 31 വരെയുള്ളത്)

## (PERIODICAL REPORT AS ON 31ST MARCH, 2016)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ
ചട്ടം 239 (1) പ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

815/2016.

## ഉള്ളടക്കം


| | പേജ് |
|---|---|
| സമിതിയുടെ ഘടന .. | v |
| അവതാരിക .. | vii |
| റിപ്പോർട്ട് .. | 1 |
| അനുബന്ധം .. | 4 |

# സബ്ജക്ട് കമ്മിറ്റി VI
# വിദ്യാഭ്യാസം
# (2016-2018)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

പ്രൊഫ. സി. രവീന്ദ്രനാഥ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ</u> :

ശ്രീ. എ. കെ. ബാലൻ,
പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

ശ്രീ. ഇ. പി. ജയരാജൻ,
വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്

ശ്രീ. കെ. സി. ജോസഫ്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. ആർ. രാജേഷ്

ശ്രീ. ടി. വി. രാജേഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. എം. സ്വരാജ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീ. കെ. ഗോപകുമാരൻപിള്ള, ജോയിന്റ് സെക്രട്ടറി

ശ്രീമതി ലിമ ഫ്രാൻസിസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, അണ്ടർ സെക്രട്ടറി.

# അവതാരിക

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) പ്രകാരം ഞാൻ സമർപ്പിക്കുന്നു.

2013 ഡിസംബർ 27-ന് രൂപീകൃതമായ 2013-2016 കാലയളവിലുള്ള സബ്ജക്ട് കമ്മിറ്റി VI (വിദ്യാഭ്യാസം) 2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

പതിമൂന്നാം കേരള നിയമസഭ പിരിച്ചുവിടപ്പെട്ട സാഹചര്യത്തിൽ 2013-2016-ലെ സമിതിക്ക് ഈ റിപ്പോർട്ട് നിയമസഭയിൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. പ്രസ്തുത സമിതിയിൽ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. പി. കെ അബ്ദു റബ്ബ് അദ്ധ്യക്ഷനും ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി ശ്രീ. കെ. സി. ജോസഫ് എക്സ്-ഒഫീഷ്യോ അംഗവും സർവ്വശ്രീ എം. എ. ബേബി, ഇ. ചന്ദ്രശേഖരൻ, ഡോ. കെ. ടി. ജലീൽ, ഡോ. എൻ. ജയരാജ്, ജോസഫ് വാഴക്കൻ, ടി. വി. രാജേഷ്, ഷാഫി പറമ്പിൽ, എം. ഉമ്മർ, പി. സി. വിഷ്ണുനാഥ് എന്നിവർ അംഗങ്ങളുമായിരുന്നു. പ്രസ്തുത കമ്മിറ്റി 20-5-2016-ൽ നിയമസഭ പിരിച്ചുവിടുന്നതുവരെ തുടരുകയുണ്ടായി.

2015 ഏപ്രിൽ 1 മുതൽ 2016 മാർച്ച് 31 വരെ സമിതി 12 യോഗങ്ങൾ ചേരുകയുണ്ടായി. ഇതിൽ 3 യോഗങ്ങൾ ധനാഭ്യർത്ഥനകളുടെ പരിശോധനയ്ക്ക് വേണ്ടിയും 5 യോഗങ്ങൾ ബില്ലുകളുടെ പരിഗണനയ്ക്കായും 3 യോഗങ്ങൾ കരട് ചട്ടങ്ങൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം, ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, പെൻഡിംഗ് ഫയലുകൾ എന്നിവയുടെ പരിഗണനയ്ക്ക് വേണ്ടിയും 1 ഒഡീഷ ലെജിസ്ലേറ്റീവ് അസംബ്ലിയിലെ ഡിപ്പാർട്ട്മെന്റലി റിലേറ്റഡ് സ്റ്റാന്റിംഗ് കമ്മിറ്റിയുമായുള്ള സംയുക്ത യോഗവും ആയിരുന്നു. യോഗങ്ങളിൽ ഹാജരായ അംഗങ്ങളുടെ ശരാശരി ഹാജർനില 46.9 ശതമാനമായിരുന്നു.

മൂന്ന് അദ്ധ്യായങ്ങളായിട്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച വിവരങ്ങളും വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും കൂടാതെ 2014-15 വർഷത്തെ സമിതിയുടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് എന്നിവ സംബന്ധിച്ച വിവരങ്ങളും ഒന്നാം അദ്ധ്യായത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ചട്ടം 236(5) പ്രകാരമുള്ള

ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച ശേഷം ലഭിച്ച ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകളും ചട്ടം 236(5) പ്രകാരമുള്ള സമയപരിധി കഴിഞ്ഞ് ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകളും രണ്ടാം അദ്ധ്യായത്തിലും സമിതി പരിശോധിച്ച ബില്ലുകൾ, കരട് ചട്ടങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ മൂന്നാം അദ്ധ്യായത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2016 ജൂലൈ 7-ാം തീയതി രൂപീകൃതമായ ഈ സമിതി 2016 ആഗസ്റ്റ് മാസം 11-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് അംഗീകരിച്ചു.

പ്രൊഫ. സി. രവീന്ദ്രനാഥ്,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

<u>**റിപ്പോർട്ട്**</u>

<u>**അദ്ധ്യായം I**</u>

വിദ്യാഭ്യാസം സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി VI 20.04.2015, 04.05.2015 എന്നീ തീയതികളിൽ യോഗം ചേർന്ന് വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നിവ സംബന്ധിച്ച ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിലുള്ള വിവിധ ശീർഷകങ്ങളിന്മേൽ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന നടത്തുകയും ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2015-16) 14.05.2015-ലെ സമിതി യോഗം അംഗീകരിക്കുകയും 08.06.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2014 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട് 14.05.2015-ലെ സമിതിയോഗം അംഗീകരിക്കുകയും 30.06.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച റിപ്പോർട്ട് 20.04.2015-ലെ യോഗം അംഗീകരിക്കുകയും 30.06.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് 23.06.2015-ലെ സമിതിയോഗം അംഗീകരിക്കുകയും 30.06.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

02.06.2015-ന് സമിതി ഒഡീഷാ ലെജിസ്ലേറ്റീവ് അസംബ്ലിയുടെ ഡിപ്പാർട്ട്മെന്റലി റിലേറ്റഡ് സ്റ്റാൻഡിംഗ് കമ്മിറ്റി IV-മായി സംയുക്തയോഗം ചേരുകയും വിദ്യാഭ്യാസ രംഗത്തും വിവരസാങ്കേതിക മേഖലയിലും രണ്ട് സംസ്ഥാനങ്ങളിലും നിലവിലുള്ള നയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു.

## അദ്ധ്യായം II

(a) ചട്ടം 236 (6) പ്രകാരം ലഭിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ.

### ധനാഭ്യർത്ഥന നമ്പർ XVII- വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം

| ക്രമ നം. | വകുപ്പ് | സാമ്പത്തിക വർഷം | റഫറൻസ് നം. | സഭയിൽ സമർപ്പിച്ച തീയതി |
|---|---|---|---|---|
| 1. | സാംസ്കാരികകാര്യ വകുപ്പ് | 2013-14 | 2969/ബി3/2014/സാം. കാ.വ. തീയതി 16.06.2015 | 21.07.2015 |
| 2. | ശാസ്ത്ര സാങ്കേതിക വകുപ്പ് | 2014-15 | 2663/എ 4/2015/ശാ. സാ.വ. തീയതി 20.06.2015 | 21.07.2015 |
| 3. | പൊതുവിദ്യാഭ്യാസ വകുപ്പ് | 2014-15 | 6041/പി2/15/പൊ.വി. തീയതി 29.06.2015 | 29.07.2015 |
| 4. | ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് | 2014-15 | 1443/ഇ 1/15/പ്ലാനിംഗ് തീയതി 17.07.2015 | 29.07.2015 |

## അദ്ധ്യായം III

### (എ) ബില്ലുകളുടെ പരിശോധന

1. 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ പരിഗണനയ്ക്കായി 07.07.2015, 21.07.2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിൽ നിർദ്ദേശിച്ച ഭേദഗതികൾ ഉൾപ്പെടെ 23.07.2015-ലെ യോഗം ബിൽ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും 27.07.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

2. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 01.12.2015-ലെ സമിതിയോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 03.12.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

3. 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ 02.12.2015-ലെ യോഗം ഭേദഗതികളോടെ അംഗീകരിക്കുകയും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലും 07.12.2015-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## (ബി) ചട്ടങ്ങളുടെ പരിശോധന

18.02.2016-ലെ യോഗത്തിൽ സമിതി 'ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (കേരള) സൊസൈറ്റി ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്', 'സ്പെഷ്യൽ റൂൾസ് ഫോർ ദി സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ്, 2015', 'കേരള ആർക്കിയോളജിക്കൽ സർവ്വീസ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2015' എന്നിവയുടെ കരട് പരിഗണിക്കുകയും സ്പെഷ്യൽ റൂളുകളിൽ പ്രഥമദൃഷ്ട്യാ സമിതിയുടെ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ പരിഹരിച്ചതിനുശേഷം വീണ്ടും പരിഗണിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

തിരുവനന്തപുരം,
2016 ആഗസ്റ്റ് 11.

പ്രൊഫ. സി. രവീന്ദ്രനാഥ്,
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി VI.

## അനുബന്ധം

### 1. 20.4.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 ഏപ്രിൽ 20-ാം തീയതി തിങ്കളാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ എക്സ്-ഒഫിഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ഡോ. എൻ. ജയരാജ്, എം.എൽ.എ
2. ശ്രീ. ജോസഫ് വാഴയ്ക്കൻ, "
3. ശ്രീ. ഷാഫി പറമ്പിൽ, "
4. ശ്രീ. എം. ഉമ്മർ, "
5. ശ്രീ. പി.സി. വിഷ്ണുനാഥ്, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. ജി. എസ്. സുരേഷ് കുമാർ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ

1. ഡോ. വിശ്വാസ് മേത്ത, പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. കെ. ബൈജു, സ്പെഷ്യൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്.

3. ശ്രീ. കെ. ജി. ഭട്ട്, ഡി.പി.ഐ
4. ശ്രീ. കെ. എൻ. സതീഷ്, ഡയറക്ടർ ഓഫ് ഹയർസെക്കന്ററി എഡ്യൂക്കേഷൻ
5. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
6. ശ്രീമതി. ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
7. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
8. ശ്രീമതി. കെ. ആർ. അനിത, ജോയിന്റ് സെക്രട്ടറി, പ്ലാനിംഗ് & എസ്റ്റാബ്ലിഷ്മെന്റ് വകുപ്പ്.
9. ശ്രീ. വി. എ. മോഹൻ ലാൽ, ജോയിന്റ് സെക്രട്ടറി, സയൻസ് & ടെക്നോളജി വകുപ്പ്.

സമിതി 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി ധനാഭ്യർത്ഥന നമ്പർ XVII- ന്റെ കീഴിൽ വിദ്യാഭ്യാസം, ആസൂത്രണ സാമ്പത്തികകാര്യം, ശാസ്ത്ര സാങ്കേതികം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട 2202, 2203, 3425, 5425 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചുവടെ ചേർക്കും പ്രകാരം ശിപാർശകൾ നൽകുകയും ചെയ്തു.

വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന 'മിഷൻ100' പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തിരുവനന്തപുരം ജി.വി. രാജ സ്പോർട്സ് സ്കൂളിലും കണ്ണൂർ ജി.വി.എച്ച്.എസ്. എസ്സിലും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി ലക്ഷ്യമിടുന്ന പദ്ധതിയുടെ നടത്തിപ്പിനായി 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിദ്യാർത്ഥികളുടെ ശാരീരിക മാനസിക വികാസം രൂപപ്പെടുത്തുന്നതിനായി സ്കൂളുകളിൽ കളികളും കായിക വിദ്യാഭ്യാസവും പ്രോൽസാഹിപ്പിക്കുന്നതിനായി 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗവൺമെന്റ് ലോവർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2013 മുതലുള്ള കുടിശ്ശികയുൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിന് 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗവൺമെന്റ് അപ്പർ പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക- അനദ്ധ്യാപക ജീവനക്കാരുടെ 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എയ്ഡഡ് പ്രൈമറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർക്ക് 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഒരു കുട്ടിക്ക് 60 രൂപ നിരക്കിൽ ഒരു ലോവർ പ്രൈമറി സ്കൂളിന് 30,000/- രൂപയിൽ കവിയാത്ത തുക ക്രമത്തിലും ഒരു അപ്പർ പ്രൈമറി സ്കൂളിന് 40,000/- രൂപയിൽ കവിയാത്ത തുക ക്രമത്തിലും ഒരു വർഷത്തേയ്ക്കുള്ള സംരക്ഷണ സഹായം (മെയിന്റനൻസ് ഗ്രാന്റ്) നൽകുന്നതിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ എ.ഇ.ഒ ഓഫീസുകളിലെ വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, ജീവനക്കാരുടെ യാത്രാബത്ത, മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് എന്നീ ഇനങ്ങൾക്കായി മെഡിക്കൽ റീ -ഇംബേഴ്സ്മെന്റ് ഇനത്തിൽ 5 ലക്ഷം രൂപയും യാത്രാ ബത്ത ഇനത്തിൽ 50 ലക്ഷം രൂപയും വെള്ളക്കരം ഇനത്തിൽ 5 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 1.50 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജീവനക്കാർക്ക് കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനും മോട്ടോർ വാഹനങ്ങളുടെ സംരക്ഷണത്തിനുമായി യാത്രാബത്ത ഇനത്തിൽ 13 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി

ഇനത്തിൽ 5 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ ജീവനക്കാരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 30 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ജീവനക്കാരുടെ കുടിശ്ശിക ഉൾപ്പെടെയുള്ള യാത്രാബത്ത നൽകുന്നതിനായി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ ഗവ.സെക്കന്ററി സ്കൂളുകളിലെ ജീവനക്കാർക്ക് 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിന് 40 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ 2013 മുതലുള്ള യാത്രാബത്ത കുടിശ്ശിക നൽകുന്നതിനായി 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

27.09.2013 ലെ സർക്കാർ ഉത്തരവ് പ്രകാരം മെയിന്റനൻസ് ഗ്രാന്റ് വർദ്ധിപ്പിച്ചതിനാൽ ഒരു കുട്ടിക്ക് 80 രൂപ നിരക്കിൽ ഒരു ഹൈസ്കൂളിന് 60,000/- രൂപയിൽ കുറിയാത്ത തുക ക്രമത്തിൽ ഒരു വർഷത്തേയ്ക്കുള്ള സംരക്ഷണ സഹായം നൽകുന്നതിന് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2015-16 വർഷത്തിൽ സ്പോർട്സ് സ്കൂൾ വിദ്യാർത്ഥികൾക്ക് പുതുക്കിയ നിരക്കിലുള്ള ധനസഹായം വിതരണം ചെയ്യുന്നതിനായി 3.60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലെ ടെലഫോൺ ചാർജ്ജ്, വാടക, കരം, നികുതി, രഹസ്യ സേവന ചെലവുകൾ, മറ്റു ചെലവുകൾ എന്നീ ഇനങ്ങൾക്കായി

ടെലഫോൺ ചാർജ്ജ് ഇനത്തിൽ 1 ലക്ഷം രൂപയും ഹൗസിങ് ബോർഡിന് വാടക കുടിശ്ശിക നൽകുവാനുള്ളതിനാൽ വാടക, കരം, നികുതി ഇനത്തിൽ 6 ലക്ഷം രൂപയും അച്ചടിയുമായി ബന്ധപ്പെട്ട ചെലവുകൾ വർദ്ധിച്ചുവരുന്നതിനാൽ രഹസ്യ സേവന ചെലവുകൾ ഇനത്തിൽ 75 ലക്ഷം രൂപയും പരീക്ഷാ ചെലവുകളും സ്റ്റേഷനറി ചെലവുകളും വർദ്ധിച്ച വരുന്നതിനാൽ മറ്റു ചെലവുകൾ ഇനത്തിൽ 10 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2013-14 സാമ്പത്തിക വർഷം ഹയർ സെക്കന്ററിക്ക് 3 മേഖലാ ഓഫീസുകൾ കൂടി പുതുതായി അനുവദിച്ചിട്ടുള്ളതിനാൽ വേതനം, ടെലഫോൺ ചാർജ്ജ്, ഓഫീസ് ചെലവുകൾ എന്നീ ഇനങ്ങൾക്കായി അനുവദിച്ചിരിക്കുന്ന ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ല. ആയതിനാൽ വേതനം ഇനത്തിൽ 6.85 ലക്ഷം രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 1.32 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ ഇനത്തിൽ 2.02 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2008-09 മുതൽ നോൺപ്ലാൻ ശീർഷകത്തിൽ എസ്.സി.ആർടിക്ക് തുക അനുവദിക്കാത്തതിനാലും നടപ്പ് സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 14 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാലും എസ്.സി.ഇ.ആർ.ടി യുടെ പ്രവർത്തനങ്ങൾക്കായി പദ്ധതി ഇനത്തിൽ 4 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സീമാറ്റ് - കേരളയെ അന്തർ ദേശീയ നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിനും, ട്രെയിനിംഗ് പ്രോഗ്രാമുകൾ, ഓഫീസിന്റെ ആധുനികവൽക്കരണം, ലൈബ്രറി കൺസോർഷ്യം എന്നീ പ്രവർത്തനങ്ങൾ തുടർന്നു നടത്തുന്നതിനുമായി പദ്ധതി വിഹിതമായി 2.55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ പ്രത്യേക തൊഴിൽ നൈപുണി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനും തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ തീരദേശ നിവാസികളുടെ തൊഴിൽ പരിശീലനങ്ങൾക്കായി ലക്ഷ്യമിടുന്ന

'അക്ഷര സാഗരം' എന്ന പുതിയ പദ്ധതി നിർവ്വഹണത്തിനുമായി പദ്ധതി വിഹിതമായി 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഫാക്കൽറ്റി വികസനത്തിലൂടെ ഉന്നത വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിയിൽ ഫാക്കൽറ്റികൾക്കായി റിഫ്രഷർ കോഴ്സുകൾ, വർക്ക്ഷോപ്പുകൾ, സെമിനാറുകൾ എന്നിവ നടത്തുന്നതിനായി 3.40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റും ഡെപ്യൂട്ടി ഡയറക്ടറേറ്റുകളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിനും ഇന്റർനെറ്റ് സംവിധാനം ഉപയോഗിച്ച് ആധുനികവൽക്കരിക്കുന്നതിനുമായി 80 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാനത്തെ സർവ്വകലാശാലകളുടെ കീഴിലുള്ള കോളേജുകളെ ഉൾപ്പെടുത്തി അക്കാദമിക ഗവേഷണ ആവശ്യങ്ങൾക്കായി ഒരു എഡ്യൂക്കേഷണൽ ഗ്രിഡ് സ്ഥാപിക്കുന്നതിനായി ലക്ഷ്യമിടുന്ന ഐ.ടി. ഗ്രിഡ് പദ്ധതി നടത്തിപ്പിനായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ അസസ്മെന്റ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) അംഗീകാരം ലഭിക്കുന്നതിന് കോളേജുകളെ സജ്ജമാക്കുന്നതിനായി 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ അധീനതയിൽ വരുന്ന എല്ലാ ആഫിസുകളിലും സ്ഥാപനങ്ങളിലും ഇ-ഗവേണൻസ് നടപ്പിലാക്കുക, ഡയറക്ടറേറ്റിൽ നെറ്റ് വർക്കിംഗ് അപ്ഗ്രേഡ് ചെയ്യുക, പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുക, ലിഫ്റ്റ് സ്ഥാപിക്കുക, ടെക്നിക്കൽ ഹൈസ്കൂളുകളിലെയും പോളിടെക്നിക്കുകളിലെയും ജീവനക്കാർക്ക് പരിശീലനം നൽകുക, രണ്ട് മേഖലാ ഡയറക്ടറേറ്റുകളുടെ നവീകരണം, സാങ്കേതിക പരീക്ഷാ വിഭാഗത്തിലെ ആധുനികവൽക്കരണം, പരീക്ഷാ കേന്ദ്രത്തിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കൽ എന്നിവയ്ക്കായി 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പോളിടെക്നിക് കോളേജുകളിൽ എ.ഐ.സി.റ്റി.ഇ. സ്കീം നടപ്പിലാക്കിയപ്പോൾ യോഗ്യതയിൽ സംരക്ഷണം നൽകാതിരുന്ന നിലവിലുള്ള ഫാക്കൽറ്റികൾക്ക് ഫാക്കൽറ്റി വികസനത്തിൽ ഉൾപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിന് സ്പോൺസർഷിപ്പ് നടപ്പിലാക്കുന്നതിനായി 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ച ടെക്നിക്കൽ ഹൈസ്കൂളുകളിൽ ആധുനിക ഉപകരണങ്ങളും മെഷിനറികളും വാങ്ങുന്നതിനും പഴയ ടെക്നിക്കൽ ഹൈസ്കൂളുകളുടെ അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയിനത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നിക്കൽ ടീച്ചേഴ്സ് ട്രെയിനിംഗ് ആന്റ് റിസർച്ച് സെന്ററിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 79 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ക്യു.ഐ.പി. സെന്ററുകൾക്ക് വേണ്ടിയുള്ള ലബോറട്ടറിയുടെ ആധുനീകരണം, ലൈബ്രറി സൗകര്യങ്ങൾ, ക്യു.ഐ.പി. ഗവേഷണ വിദ്യാർത്ഥികൾക്കുവേണ്ടി കെട്ടിട നിർമ്മാണം തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കുന്നതിനായി 1.10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ബാർട്ടൺഹില്ലിലെ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ട്രാൻസ്‌ലേഷൻ എഞ്ചിനീയറിംഗ് എം.എസ്. കോഴ്സ്, ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് ഡിപ്ലോമ (എ.ഡി.എ.എം), തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രമാക്കുക, കളമശ്ശേരിയിലെ സർക്കാർ പോളിടെക്നിക് കോളേജിനെ ആട്ടോമേഷൻ ടെക്നോളജിയിൽ പര്യാപ്തമായ കേന്ദ്രമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി 1.75 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പാലക്കാട് ജില്ലയിൽ പുതിയ ഐ.ഐ.ടി. സ്ഥാപിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി വകയിരുത്തിയിട്ടുള്ള വിഹിതം തികച്ചും അപര്യാപ്തമാണെന്ന്

വിലയിരുത്തിയ സമിതി പദ്ധതി വിഹിതമായി 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യു.

എൻ.സി.സി. ആഫീസ് കെട്ടിടങ്ങളുടെ വാടക പുതുക്കി നിശ്ചയിച്ചതിനാൽ ഇതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ആയതിനാൽ പദ്ധതിയേതര ഇനത്തിൽ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ലൈബ്രറി ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, രാജാറാം മോഹൻറോയ് ലൈബ്രറി ഫൗണ്ടേഷൻ റീ-ഇംബേഴ്സ്മെന്റ് തുക എന്നിവ നൽകുന്നതിനായി പദ്ധതി ഇനത്തിൽ 38 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 24.85 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ സർവ്വീസ് സ്കീമിലെ വോളന്റിയർമാരുടെ എണ്ണമനുസരിച്ച് ഗ്രാന്റ്-ഇൻ-എയ്ഡ് ഫണ്ട് വിതരണം ചെയ്യുന്നതിനും, പ്രത്യേക ക്യാമ്പിങ്ങ് പരിപാടികളുമായി 2.74 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിന്റെ (സി-ആപ്റ്റ്) വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് പദ്ധതി ഇനത്തിൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന നൂതന അച്ചടി പരിശീലന കേന്ദ്രത്തിൽ നിന്നും പിരിച്ചുവിടപ്പെട്ട ജീവനക്കാരുടെ ശമ്പള കുടിശ്ശിക, നിലവിലെ ജീവനക്കാരുടെ ശമ്പള കുടിശ്ശിക, സാധന സാമഗ്രികൾ വാങ്ങിയതിലുള്ള സബ് സെന്ററുകളിലെ കുടിശ്ശിക, സബ് സെന്ററിന്റെ വാടക കുടിശ്ശിക എന്നിവ നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഐ.എച്ച്.ആർ.ഡി. യുടെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് വരുമാനം കുറവും ചെലവ് കൂടുതലുമായതിനാൽ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക അടിസ്ഥാന

സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പര്യാപ്തമല്ലാത്തതിനാൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചാലക്കുടി സയൻസ് സെന്ററിന്റെ ഗ്യാലറി കെട്ടിട നിർമ്മാണം, ചാലക്കുടി റീജിയണൽ സയൻസ് സെന്ററിന്റെ പ്ലാനറ്റേറിയം നിർമ്മാണം, ഒറ്റപ്പാലം റീജിയണൽ സയൻസ് സെന്ററിന്റെ പ്രാരംഭ പണികൾ, പരപ്പനങ്ങാടി റീജിയണൽ സയൻസ് സെന്റർ, സയൻസ് സിറ്റിയുടെ വിവിധ പദ്ധതികൾ, കേരള സ്റ്റേറ്റ് സയൻസ് ആന്റ് ടെക്നോളജി മ്യൂസിയം, തിരുവനന്തപുരം ക്യാമ്പസിലെ നിർമ്മാണ/നവീകരണ പ്രവർത്തികൾ, വിവിധ പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നതിന് 27.3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലപ്പുറം പരപ്പനങ്ങാടിയിലെ എൽ.ബി.എസ്. ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജിക്കായി ഭൂമി ഏറ്റെടുക്കുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി 27 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ, കേരള വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഇനത്തിൽ 2.65 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 70 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തിരുവനന്തപുരം ഗവൺമെന്റ് ലോ കോളേജിൽ വനിതാ ഹോസ്റ്റലിൽ നിയമിച്ച മേട്രൻ, സെക്യൂരിറ്റി സ്റ്റാഫ് എന്നിവരടക്കമുള്ള ജീവനക്കാർക്ക് വേതനം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 2.41 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

140 വർഷം പഴക്കമുള്ള തിരുവനന്തപുരം ലോ കോളേജിൽ ഓഡിറ്റോറിയം നിർമ്മിക്കുന്നതിനായി 1.35 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കോഴിക്കോട് ലോ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിൽ 19 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കോഴിക്കോട് സർവ്വകലാശാലയുടെ 2015-16 ലെ പദ്ധതികൾ പൂർണ്ണമായി നിർവ്വഹിക്കുന്നതിനായി പദ്ധതിയിനത്തിൽ 8.25 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 9 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

ശമ്പള പരിഷ്കരണം നടപ്പിലാക്കിയതു മൂലമുണ്ടായ സാമ്പത്തിക ബാധ്യത, NACC അംഗീകാരത്തിന്റെ ഭാഗമായി ഒഴിവുള്ള അധ്യാപക തസ്തികകൾ ഭാഗികമായി നികത്തുന്നതുമൂലം ഉണ്ടാകുന്ന ബാധ്യത എന്നിവ പരിഹരിക്കുന്നതിനും വരും വർഷങ്ങളിൽ അംഗീകൃത കോളേജുകൾ വേർപെട്ട പോകുമ്പോൾ ആഭ്യന്തര വരുമാനത്തിലുണ്ടാകുന്ന കുറവ് പരിഹരിക്കുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 7.56 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് അക്കാദമിക പദ്ധതികൾ കാര്യക്ഷമമാക്കുന്നതിനും യു.ജി.സി നിർദ്ദേശപ്രകാരം ചുറ്റുമതിൽ അടിയന്തരമായി നിർമ്മിക്കുന്നതിനുമായി പദ്ധതി ഇനത്തിൽ 15 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

NAAC ന്റെ എ ഗ്രേഡ് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങളിൽ പുതിയ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും നാകിന്റെ നിർദ്ദേശ പ്രകാരം അടിയന്തരമായി പൂർത്തിയാക്കുന്നതിന് പദ്ധതിയിനത്തിൽ 6.75 കോടി രൂപയും യു.ജി.സി ശമ്പള പരിഷ്കരണം മൂലമുള്ള കുടിശ്ശിക ഉൾപ്പെടെയുള്ള വേതനം നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 20.5 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ വിവിധ വികസന പ്രവർത്തനങ്ങളുടെ പൂർത്തീകരണത്തിനായി പദ്ധതിയിനത്തിൽ 3.8 കോടി രൂപയും ശമ്പളവും പെൻഷനും മറ്റാനുകൂല്യങ്ങളും നൽകുന്നതിന് പദ്ധതിയേതര ഇനത്തിൽ 17 കോടി രൂപയും

അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ സർവ്വകലാശാലയിൽ നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ള അദ്ധ്യാപക തസ്തികകളിൽ ശമ്പളം വിതരണം ചെയ്യുന്നതിന് പദ്ധതിയേതര ഇനത്തിൽ 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കണ്ണൂർ സർവ്വകലാശാലയുടെ വിവിധ ക്യാമ്പസുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ, 2015-16 വർഷത്തെ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ, നിലവിലുള്ള പഠന/പഠന ഇതര വിഭാഗങ്ങൾ അഭിവൃദ്ധിപ്പെടുത്തൽ എന്നിവയ്ക്കായി 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

2015 -ൽ നിലവിൽ വന്ന കേരള സാങ്കേതിക സർവ്വകലാശാലയ്ക്ക് യു.ജി.സി അംഗീകാരം ലഭിക്കുന്നതിനായി 5 ഡിപ്പാർട്ട്മെന്റുകളോടു കൂടിയ ക്യാമ്പസ് പ്രവർത്തനം ആരംഭിക്കുന്നതിന് 40 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ റിസർച്ച്, കരിക്കുലം ഡവലപ്മെന്റ്, ഹ്യൂമൻ റിസോഴ്സസ് ഡവലപ്മെന്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചരിത്ര ഗവേഷണ കൗൺസിലിന്റെ വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് പദ്ധതി ഇനത്തിൽ 45 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷകൾ സമയ ബന്ധിതമായി നടത്തുന്നതിന് പ്രവേശന പരീക്ഷ കമ്മീഷണറേറ്റിന് 41.50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാങ്കേതിക വിദ്യാഭ്യാസത്തിന്റെ ദേശീയ കൗൺസിൽ ക്യൂ.ഐ.പി. കേന്ദ്രമാക്കി അംഗീകരിച്ച തൃശ്ശൂർ എഞ്ചിനീയറിംഗ് കോളേജിന് അത്യാധുനിക ക്ലാസ് മുറികൾ, അത്യാവശ്യമായ ഹോസ്റ്റൽ സൗകര്യങ്ങൾ, പാഠ്യേതര പ്രവർത്തനങ്ങൾക്കായി ഗ്രൗണ്ടുകൾ, ഇൻഡോർ സ്റ്റേഡിയം, ഫിറ്റ്നസ് സെന്റർ, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയുടെ

നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ എല്ലാ ബിരുദ കോഴ്സുകൾക്കും അക്രഡിറ്റേഷൻ ലഭിക്കേണ്ടതുള്ളതിനാൽ അത്യാധുനിക സൗകര്യങ്ങളുള്ള ക്ലാസ് മുറികൾ, ലബോറട്ടറികൾ, പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങൾക്കായി പശ്ചാത്തല സൗകര്യങ്ങൾ, ലൈബ്രറി കെട്ടിടം, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗത്തിനായി കെട്ടിടം എന്നീ പ്രവൃത്തികൾക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

വിവിധ സർക്കാർ ലോ കോളേജുകൾ ഉൾപ്പെടെ വിവിധ കോളേജുകളുടെ ഹോസ്റ്റൽ നിർമ്മാണത്തിനും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന പല പണികൾക്കുമായി ബഡ്ജറ്റിൽ അനുവദിച്ച വിഹിതം അപര്യാപ്തമായതിനാൽ 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളുടെ ഭൗതിക സൗകര്യ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ 5 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

ഐ.ടി.ഐ.- കളിൽ സ്ത്രീകൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി 1 കോടി രൂപയും വിശ്രമമുറികൾ, ഡ്രെസിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണത്തിന് 1 കോടി രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു

കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും കേന്ദ്ര സർക്കാർ ശമ്പള ഘടന അനുസരിച്ച് കൗൺസിലിലെ ശാസ്ത്രജ്ഞർക്ക് ശമ്പളം നൽകുന്നതിനും ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 55 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

തുടർന്ന് സമിതി ഹയർസെക്കന്ററി സ്കൂളുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച് റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും ഖണ്ഡിക 21 ഒഴിവാക്കണമെന്ന ഭേദഗതിയോടെ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് 1.15 -ന് പിരിഞ്ഞു.

## 2. 04.05.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 മേയ് 4-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. എം. ഉമ്മർ, ,,

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ്. വി, ഡെപ്യൂട്ടി സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ**

1. ശ്രീ. എം. ശിവശങ്കർ, സെക്രട്ടറി, കായിക വകുപ്പ്.
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
3. ശ്രീ. ജേക്കബ് പുന്നൂസ്, സി.ഇ.ഒ., ദേശീയഗെയിംസ്.
4. ശ്രീമതി ആർ. എസ്. പുഷ്പകുമാരി, അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.
5. ശ്രീ. ജെ.എൻ. ജസ്റ്റിൻ വിൽസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്.
6. ശ്രീമതി പത്മിനി തോമസ്, പ്രസിഡന്റ്, സ്പോർട്സ് കൗൺസിൽ.
7. ഡോ. ജി. പ്രേംകുമാർ, ഡയറക്ടർ ഓഫ് ആർക്കിയോളജി.
8. ശ്രീ. ജെ. രജികുമാർ, ഡയറക്ടർ, പുരാരേഖാ വകുപ്പ്.
9. ശ്രീ. എം. സന്തോഷ് കുമാർ, ഡയറക്ടർ, സാംസ്കാരികകാര്യ വകുപ്പ്.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി സമിതി ധനാഭ്യർത്ഥന നമ്പർ XVII-ന്റെ കീഴിൽ വരുന്ന കായിക വിനോദം, കല, സംസ്കാരം എന്നിവയുമായി ബന്ധപ്പെട്ട 2204, 2205 എന്നീ ശീർഷകങ്ങൾ പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന പ്രകാരം ശിപാർശകളും നിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

നാഷണൽ യൂത്ത് ഡേ സെലിബ്രേഷൻ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സീനിയർ സെക്കണ്ടറി/ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർത്ഥികൾക്കായി ഹ്യൂമൻ വാല്യൂ ക്ലബ്ബ് തുടങ്ങിയ യൂത്ത് അവയർനെസ് പരിപാടികളുടെ നടത്തിപ്പിനായി യൂത്ത് അവയർനെസ് പ്രോഗ്രാം എന്ന പുതിയ ശീർഷകം അനുവദിച്ച് 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു

ആയോധന കലകളുടെ വികസനത്തിനായി 14 ജില്ലാ ആയോധന പരിശീലന കേന്ദ്രങ്ങൾക്കും കളരി അക്കാദമികളുടെ പ്രവർത്തനങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനും പരമ്പരാഗത കളരി സംഘങ്ങൾക്കും കളരി വിദ്യാർത്ഥികൾക്കും പ്രോത്സാഹനം നൽകുന്നതിനുമായി 2204-00-104-80 - സെന്റർ ഫോർ മാർഷ്യൽ ആർട്സ് & റൂറൽ ആർട്സ് എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് 14 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

പ്ലേ ഫോർ ഹെൽത്ത്, സ്വിം ആന്റ് സർവൈവ്, ആർച്ചറി അക്കാദമി, ആസ്റ്റ ഇൻട്രൊഡക്ടറി വോളീബാൾ പരിശീലന/അഭിരുചി നിർണ്ണയ പരിപാടി, ഇൻട്രൊഡക്ടറി ടെന്നീസ് ട്രെയിനിംഗ് പരിപാടി, കേരള സ്പോർട്സ് അച്ചീവ്മെന്റ് ഓഫ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ് എന്നീ പദ്ധതികൾക്കായി 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്തു.

കായികയുവജന കാര്യാലയത്തിന് 4 മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുള്ള സാഹചര്യത്തിൽ കായിക യുവജന കാര്യാലയ വികസനം എന്ന പുതിയ ശീർഷകം അനുവദിച്ച് 2 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്തു.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ്/നിർദ്ദിഷ്ട സ്പോർട്സ് കോളേജ് എന്നിവ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ആയോധനകലകളുടെ പ്രോത്സാഹനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നതിനായി 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പനമ്പള്ളി സ്മാരക ഗവൺമെന്റ് കോളേജിലെ സ്റ്റേഡിയത്തിൽ ഗ്യാലറിക്കും സിന്തറ്റിക് ഫ്ലോറിംഗിനും വേണ്ടി ചാലക്കുടി പനമ്പള്ളി സ്മാരക കോളേജിൽ സ്റ്റേഡിയം നിർമ്മാണം എന്ന പുതിയ ശീർഷകം അനുവദിച്ച് 3 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

പേരാവൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പദ്ധതി പൂർത്തീകരണത്തിനായി 2204-00-104-62 എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് പദ്ധതിയിനത്തിൽ 99 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പൂഞ്ഞാർ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണത്തിനായി 2204-00-104-42 എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് പദ്ധതിയിനത്തിൽ 1.73 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിൽ ബാസ്കറ്റ്ബോൾ കോർട്ട് നിർമ്മിക്കുന്നതിന് 1 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സർക്കസ് പെൻഷൻ തുക വർദ്ധിപ്പിച്ചതിനാലും മുൻവർഷത്തെ കുടിശ്ശിക നൽകേണ്ടതിനാലും അപേക്ഷകരുടെ എണ്ണത്തിൽ വർദ്ധനവ് ഉള്ളതിനാലും അനുവദിച്ച തുക അപര്യാപ്തമാണ് ആയതിനാൽ 1.62 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യ ഡയറക്ടറേറ്റിലെ വൈദ്യുതി ചെലവുകൾക്കായി 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കായിക യുവജനകാര്യാലയത്തിന്റെ വെള്ളക്കരം നൽകിയിരുന്നത് ജിമ്മി ജോർജ്ജ് സ്റ്റേഡിയം ഫണ്ടിൽ നിന്നായിരുന്നതിനാൽ നിലവിൽ സ്റ്റേഡിയത്തിന് വരുമാനം ഇല്ലാത്ത സാഹചര്യം പരിഗണിച്ച് വെള്ളക്കരം ഇനത്തിനായി പുതിയ ശീർഷകം അനുവദിച്ച് 1 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യു.

വനിതകളുടെ കായിക ആരോഗ്യ വികസനത്തിനായി ഹെൽത്ത് & ഫിസിക്കൽ ആക്ടിവിറ്റി കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് 60 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിന് ഒരു ആംബുലൻസ് വാങ്ങുന്നതിനായും പുതുതായി നിർമ്മിച്ച കെട്ടിടത്തിലെ വൈദ്യുതി ചെലവുകൾക്കുമായി യഥാക്രമം 12 ലക്ഷം രൂപയും 1 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്ററിനായി പുതുതായി നിർമ്മിച്ച കെട്ടിടത്തിലെ വെള്ളക്കരം സംബന്ധിച്ച ചെലവുകൾക്കായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ 20,000 രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റിൽ ഓഡിറ്റിംഗ് ഉൾപ്പെടെയുള്ള കാര്യങ്ങൾ പൂർത്തീകരിക്കുന്നതിനും കണക്കുകൾ തീർപ്പാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനും നിലനിർത്തിയിട്ടുള്ള ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി 3.1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സ്പോർട്സ് കൗൺസിലിലെ ജീവനക്കാർക്ക് ശമ്പളം, സർവ്വീസ് പെൻഷൻ എന്നിവ നൽകുവാൻ ബഡ്ജറ്റിൽ പദ്ധതിയേതര ഇനത്തിൽ 8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ വിജയികളാകുന്നവർക്ക് ഇൻസെന്റീവ് ക്യാഷ് അവാർഡ് നൽകുന്നതിന് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ദേവികുളം അഡ്വഞ്ചർ അക്കാദമി പുതുക്കിപ്പണിയുന്നതിന് 5.41 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യുവജനക്ഷേമ ബോർഡിലെ യാത്രാബത്ത, ജീവനക്കാരുടെ ശമ്പളം, ഓഫീസ് ചെലവുകൾ, പി.ഒ.എൽ. എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 2.63 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യുവജന കമ്മീഷൻ വിഭാവനം ചെയ്യ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും കമ്മീഷൻ അംഗങ്ങൾക്ക് പുതുതായി അനുവദിച്ചിട്ടുള്ള ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ നൽകുന്നതിനുമായി പദ്ധതി ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലപ്പുറം മഞ്ചേരിയിൽ സ്റ്റേഡിയവും സ്പോർട്സ് കോംപ്ലക്സും നിർമ്മിക്കുന്നതിനായി 2 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പുരാവസ്തു വകുപ്പിൽ സംരക്ഷിത സ്മാരകങ്ങളുടെ സുരക്ഷയ്ക്കായി കൂടുതൽ ദിവസവേതനക്കാരെ നിയോഗിച്ചതു കൊണ്ടും, ശമ്പളപരിഷ്കരണം മൂലം വേതനം വർദ്ധിച്ചതുകൊണ്ടും ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പുരാവസ്തു വകുപ്പിലെ വിവിധ മ്യൂസിയങ്ങളിലേയും ഡയറക്ടറേറ്റിലേയും ചെലവുകൾ വളരെയധികം വർദ്ധിച്ചതിനാൽ ബഡ്ജറ്റിൽ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഡീസൽ വിലയിലുണ്ടാകുന്ന വർദ്ധനവും നിലവിലുള്ള വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ തീർത്ത് യാത്രകൾക്കായി ഉപയോഗിക്കുന്നതിനാലും പുരാവസ്തു

വകുപ്പിന്റെ ഈ ആവശ്യങ്ങൾക്കായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക ഡയറക്ടറേറ്റിൽ നിലവിലുള്ള ജീവനക്കാർക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനും പുതുതായി വിരമിക്കുന്നവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമായി 2 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കലാകാര പെൻഷനുവേണ്ടി പുതുതായി ലഭിച്ച 500 ഓളം അപേക്ഷകർക്ക് പെൻഷൻ നൽകുന്നതിന് 26.15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

അശരണരും രോഗബാധിതരുമായ കലാ സാംസ്കാരിക പ്രവർത്തകർക്കുള്ള അടിയന്തര ചികിത്സയ്ക്കുള്ള സാമ്പത്തിക സഹായത്തിനായി കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതിനായി 10 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സാംസ്കാരിക പ്രവർത്തനങ്ങൾക്കും സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായത്തിനായി നിലവിലുള്ള അപേക്ഷകർക്കും നടപ്പ് സാമ്പത്തിക വർഷത്തിലെ അപേക്ഷകർക്കും യഥാസമയം ധനസഹായം ലഭ്യമാക്കുന്നതിന് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്കാരത്തിന്റെ വ്യാപനം എന്ന പദ്ധതി ആഗോള തലത്തിൽ നടപ്പാക്കുന്നതിനും പ്രസ്തുത പദ്ധതിയുടെ അടുത്ത ഘട്ടത്തിനുമായി 1.50 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മ്യൂസിയം മൃഗശാല വകുപ്പിലെ വർഷങ്ങളായുള്ള വെള്ളക്കരം കടിശ്ശിക അടച്ചു തീർക്കുന്നതിനും, ദിവസവേതന ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി വെള്ളക്കരം ഇനത്തിൽ 50 ലക്ഷം രൂപയും വേതനം ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാഹിത്യ അക്കാദമി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും പ്രാചീന ഗ്രന്ഥങ്ങൾ ഡിജിറ്റൽ രൂപത്തിൽ ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതിനുള്ള ഡിജിറ്റൈസേഷൻ പദ്ധതി നടപ്പാക്കുന്നതിനുമായി 10 ലക്ഷം രൂപയും ശമ്പളവും ആനുകൂല്യങ്ങളും മറ്റു സ്ഥാപന ചെലവുകൾക്കുമായി 43 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ജവഹർ ബാലഭവനിലെ പദ്ധതി വികസന പ്രവർത്തനങ്ങൾക്കും ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനുമായി പദ്ധതി ഇനത്തിൽ 3 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ അടിസ്ഥാന വികസനം, വിവിധോദ്ദേശ്യ സാംസ്കാരിക ലക്ഷ്യം കൈവരിക്കുന്നതിനുള്ള പരിപാടികൾ എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഇനത്തിൽ 71.25 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വിഭാവനം ചെയ്യുന്ന രീതിയിലുള്ള പദ്ധതികളുടെ നടത്തിപ്പിന് പദ്ധതി ഇനത്തിൽ 18 ലക്ഷം രൂപയും ശമ്പളം, ഓഫീസ് ചെലവുകൾ, ഭരണ ചെലവുകൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 158.26 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ചലച്ചിത്രങ്ങളുടെ സബ്സിഡി ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിനും പുതുതായി രജിസ്റ്റർ ചെയ്ത ചിത്രങ്ങൾക്കുള്ള സബ്സിഡി നൽകുന്നതിനുമായി സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് പദ്ധതി ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പഴയ മലയാള ചലച്ചിത്രങ്ങളുടെ നെഗറ്റീവുകൾ ഡിജിറ്റൽ ഫോർമാറ്റിൽ ആക്കുന്നതിനും ചിത്രാഞ്ജലി സ്റ്റുഡിയോയിലെ പഴയ കെട്ടിടം ഈ സംവിധാനത്തിനായി ക്രമീകരിക്കുന്നതിനുമായി പദ്ധതിയേതര ഇനത്തിൽ 2.68 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിൽ കെട്ടിടനിർമ്മാണം, നവീകരണം എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 2.25 കോടി രൂപയും പദ്ധതിയേതര ഇനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഭാരത് ഭവൻ നടപ്പ് വർഷം നടപ്പാക്കാൻ ലക്ഷ്യമിടുന്ന മറുനാടൻ പ്രതിവാര കലോത്സവം, ദേശീയ വിവർത്തന ശിബിരം, ഇന്ത്യൻ സംസ്കാരത്തിന്റെ വൈവിധ്യത്തെക്കുറിച്ചുള്ള അവബോധം അനാവരണം ചെയ്യുന്ന സെമിനാറുകൾ, ബഹുഭാഷാ ശില്പശാലകൾ, അതിഥിദേവോഭവ, അഫിലിയേറ്റഡ് അസോസിയേഷനുകളുമായി സംയുക്തമായി സംഘടിപ്പിക്കുന്ന പരിപാടികൾ തുടങ്ങിയ പുതിയ പരിപാടികൾ നടപ്പിലാക്കുന്നതിന് പദ്ധതി ഇനത്തിൽ 75 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം, മറ്റ് ഓഫീസ് ചെലവുകൾ എന്നിവയ്ക്ക് പദ്ധതിയേതര ഇനത്തിൽ 19 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള കലാമണ്ഡലത്തിന്റെ പദ്ധതി ചെലവുകളിൽ വർദ്ധനവ് വന്നിട്ടുള്ളതിനാൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി ഇനത്തിൽ 5 കോടി രൂപയും ശമ്പള പരിഷ്കരണ കുടിശ്ശിക നൽകേണ്ടതിനാലും പദ്ധതിയേതര ചെലവുകളിൽ കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാലും പദ്ധതിയേതര ഇനത്തിൽ 6 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

വാസ്തുവിദ്യാ ഗുരുകുലത്തിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ പദ്ധതിയേതര ഇനത്തിൽ 20 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

ഗുരു ഗോപിനാഥ് നടനഗ്രാമത്തിന് ദേശീയ നൃത്ത മ്യൂസിയത്തിന്റെ നിർമ്മാണം, ഇതിനോടനുബന്ധിച്ച് റോഡ്‌വശത്തെ പ്രവേശന കവാടം മോടിപിടിപ്പിക്കൽ, നടപ്പാതയിൽ ഇന്റർലോക്ക് പാകൽ, ദേശീയ നൃത്ത മ്യൂസിയത്തിന് മുൻ ഭാഗത്ത് കുളം നിർമ്മിച്ച് അതിന് മദ്ധ്യഭാഗത്തായി ഭരതമുനിയുടെ പ്രതിമ സ്ഥാപിക്കൽ, ഗാർഡനിംഗ്,

റോഡ് ടാറിംഗ്, ദേശീയ നൃത്ത മ്യൂസിയം പദ്ധതി ഉദ്ഘാടനവുമായി ബന്ധപ്പെട്ട സെമിനാറുകളും ശില്പശാലകളും അനുബന്ധ പരിപാടികൾ എന്നിവക്കായി 21 ലക്ഷം രൂപയും ജീവനക്കാരുടെ ശമ്പളം മറ്റാനുകൂല്യങ്ങൾ ഓഫീസ് പ്രവർത്തനം എന്നിവയ്ക്കായി 25 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പൈതൃക പഠനകേന്ദ്രത്തിന്റെ വരുമാനം പദ്ധതിയേതര ചെലവുകൾക്ക് അപര്യാപ്തമായതിനാലും പദ്ധതിയേതര വിഹിതം അനുവദിക്കാത്തതിനാലും പദ്ധതിയേതര ഇനത്തിൽ 50 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംസ്ഥാന ചലച്ചിത്ര അക്കാഡമിക്ക് അന്തർ ദേശീയ ചലച്ചിത്രോത്സവം, ദേശീയ ചലച്ചിത്രമേളകൾ, അന്തർ ദേശീയ ഹ്രസ്വചിത്രമേള, മലയാള സിനിമയുടെ പ്രോത്സാഹന പരിപാടി, ടെലിവിഷൻ, മാധ്യമം, ഫിലിം ലൈബ്രറി നവീകരണം, ടൂറിങ് ടാക്കീസ് പരിപാടി എന്നിവയ്ക്കായി പദ്ധതി ഇനത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സംഗീത നാടക അക്കാദമിക്ക് അന്തർദേശീയ നാടകോത്സവം, കലോത്സവം, ശിൽപശാലകൾ തുടങ്ങിയ പരിപാടികൾക്കായി പദ്ധതി ഇനത്തിൽ 2.25 കോടി രൂപയും 2014-ലെ കലാരത്ന/കലാശ്രീ/ഗുരുപൂജ പുരസ്കാര സമർപ്പണം, 9-ാം ശമ്പളപരിഷ്കരണ കുടിശ്ശിക, ഡി.എ കുടിശ്ശിക, മറ്റ് പദ്ധതിയേതര ആവശ്യങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 30 ലക്ഷം രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള നാടൻ കലാ അക്കാഡമിയുടെ ട്രാവൻകൂർ ഫോക് വില്ലേജ്, ക്ഷേത്രകലാ-വാദ്യോപകരണ അന്താരാഷ്ട്ര പഠന ഗവേഷണ കേന്ദ്രം, മിഷൻ 676, നാടൻകലകളുടെ പ്രചരണത്തിനും സംരക്ഷണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ, ലോക നാടൻകലാ ഉത്സവം എന്നിവയ്ക്കായി പദ്ധതി വിഹിതം അപര്യാപ്തമായതിനാൽ പദ്ധതിയിനത്തിൽ 6 കോടി രൂപയും ശമ്പളം, ദൈനംദിനപ്രവർത്തനങ്ങൾ എന്നിവയ്ക്കായി പദ്ധതിയേതരയിനത്തിൽ 1 കോടി രൂപയും അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ബുക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്ക് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുക, 2 സഞ്ചരിക്കുന്ന പുസ്തകശാല വാഹനങ്ങൾ കൂടി വാങ്ങുക, സി.സി. ക്യാമറ സ്ഥാപിക്കുക, മേളകൾ നടത്തുക എന്നിവയ്ക്കായി പദ്ധതി ഇനത്തിൽ 3.27 കോടി രൂപ അധികമായി അനുവദിക്കണമെന്നും പദ്ധതിയേതര ഇനമായി 1 കോടി രൂപ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യു.

സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഭരണച്ചെലവുകൾ, ജീവനക്കാരുടെ ശമ്പളം, ക്ഷാമബത്ത, മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്, വാഹനത്തിന്റെ അറ്റകുറ്റപ്പണി എന്നിവയ്ക്കായി പദ്ധതിയേതര ഇനത്തിൽ 4 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

പ്രശസ്തരായ കലാകാരന്മാരുടെയും സാഹിത്യകാരന്മാരുടെയും സ്മാരകങ്ങളുടെ നിർമ്മാണത്തിനും പുനരുജ്ജീവനത്തിനും ധനസഹായം ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതിനായി പദ്ധതിയിനത്തിൽ 28 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മലയാളം മിഷനിലെ ജീവനക്കാരുടെ ശമ്പളം, ഓഫീസ് വാടക, യാത്രാ ചെലവ് എന്നീ ഇനങ്ങൾക്ക് ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന പദ്ധതിയേതര വിഹിതം അപര്യാപ്തമായതിനാൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കൊങ്കണി സാഹിത്യ അക്കാദമിക്ക് ശീർഷകവും ബഡ്ജറ്റ് വിഹിതവും ഇല്ലാത്തതിനാലും സ്വന്തമായ ഓഫീസ് കെട്ടിടവും ഓഡിറ്റോറിയവും ഉൾപ്പെടെയുള്ള കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനും താത്കാലിക ജീവനക്കാരെ വച്ച് പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമിടുന്നതിനും, കൊങ്കണി സാഹിത്യ അക്കാദമി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികൾ പൂർത്തിയാക്കുന്നതിനും ഒരു ശീർഷകം അനുവദിച്ച് പദ്ധതിയിനത്തിൽ 128 ലക്ഷം രൂപയും പദ്ധതിയേതര ഇനത്തിൽ 54 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കുമാരനാശാൻ ദേശീയ സാംസ്കാരിക കേന്ദ്രം 2015-16 സാമ്പത്തിക വർഷം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ പൂർണ്ണമായി പ്രാവർത്തികമാക്കുക, ലൈബ്രറി

ഡിജിറ്റലൈസേഷൻ, ഭൗതികസൗകര്യവികസനം, ആശാൻ കൃതികളുടെ മലയാളത്തിലുള്ള പ്രസിദ്ധീകരണം, ആശാൻ കൃതികളുടെ വിവർത്തനവും പ്രസിദ്ധീകരണവും, ആശാൻ പ്രതിമാസ്ഥാപനം, വിവിധ സാംസ്കാരിക പദ്ധതികൾ സംഘടിപ്പിക്കൽ എന്നിവയ്ക്കായി പദ്ധതിയിനത്തിൽ 172 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള ലളിതകലാ അക്കാദമിയുടെ കാക്കണ്ണപ്പാറ കലാഗ്രാമം, അന്തർദേശീയ ഫൈൻ ആർട്ട് ഫെയർ, സഞ്ചരിക്കുന്ന ചിത്രശാല എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതിയിനത്തിൽ 150 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

മൊയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാഡമിയിൽ 2015-16 സാമ്പത്തിക വർഷത്തിൽ വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് 3.8 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ഫണ്ടിന് പൂർണ്ണ ചുമതലയിൽ ഒരു സെക്രട്ടറിയെ നിയമിക്കുന്ന പക്ഷം ബോർഡ് ഓഫീസിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യു.

യോഗം വൈകുന്നേരം 3.45-ന് പിരിഞ്ഞു.

## 3. 14.05.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 മെയ് 14-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്ക് 12.00 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

ഹാജരായ അംഗങ്ങൾ

1. ഡോ. എൻ. ജയരാജ്, എം.എൽ.എ
2. ശ്രീ. എം. ഉമ്മർ, "

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ് വി, ഡെപ്യൂട്ടി സെക്രട്ടറി.

2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും 62-ാമത്തെ ഖണ്ഡിക താഴെപ്പറയും പ്രകാരം ഭേദഗതി ചെയ്യുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

"ആയോധന കലകളുടെ വികസനത്തിനായി ആയോധന പരിശീലന കളരികൾക്കും കളരി അക്കാദമികളുടെ പ്രവർത്തനങ്ങൾക്കും ധനസഹായം അനുവദിക്കുന്നതിനും പരമ്പരാഗത കളരി സംഘങ്ങൾക്കും കളരി വിദ്യാർത്ഥികൾക്കും പ്രോത്സാഹനം നൽകുന്നതിനുമായി 2204-00-104-80-സെന്റർ ഫോർ മാർഷ്യൽ ആർട്സ് & റൂറൽ ആർട്സ് എന്ന ശീർഷകം പുനരുജ്ജീവിപ്പിച്ച് 14 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു."

64-ാം ഖണ്ഡികയ്ക്ക് ശേഷം 65-ാമത് ഖണ്ഡികയായി "കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി കന്നംഭാഗം ഗവ. ഹയർ സെക്കന്ററി സ്കൂളിനോടനുബന്ധിച്ച് സ്പോർട്സ് സ്കൂൾ ആരംഭിക്കുന്നതിനായി പുതിയ ശീർഷകത്തിൽ 3 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു" എന്ന ശിപാർശ ചേർക്കുവാനും നിർദ്ദേശിച്ചു.

തലസ്ഥാനത്തെ സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളും അക്കാദമികളും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന് വിലയിരുത്തിയ സമിതി സാംസ്കാരിക സ്ഥാപനങ്ങൾക്കായി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആസ്ഥാനത്ത് ഒരു സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിക്കണമെന്നും ഇതിനാവശ്യമായ തുക പുതിയ ശീർഷകത്തിൽ അനുവദിക്കണമെന്നും ശിപാർശ ചെയ്തു. ഈ ശിപാർശ റിപ്പോർട്ടിലെ അവസാന ഖണ്ഡികയായി ചേർക്കുവാൻ സമിതി നിർദ്ദേശിച്ചു.

മേൽ ഭേദഗതികളോടെ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

തുടർന്ന് 2014-15 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.55-ന് പിരിഞ്ഞു.

## 4. Minutes of the Joint meeting held on 2nd June 2015

A joint meeting of Subject Committee VI (Education) of the Kerala Legislative Assembly and the Departmentally Related Standing Committee IV of Odisha Legislative Assembly was held at 3.00 pm on Tuesday the 2nd June 2015 in '5 D' conference hall, Legislature Complex, Thiruvananthapuram. Shri.P.K.Abdu Rabb, the Hon'ble Minister for Education and the Chairman of Subject Committee VI presided over the meeting. The following members of the Committee were also present .

1. Shri. Joseph Vazhakkan M.L.A
2. Shri. Shafi Parambil "
3. Shri. M. Ummer "

Officers present: (Legislature Secretariat)

1. Shri.Thomas Chettuparambil, Joint Secretary
2. Shri. Santhosh.V, Deputy Secretary
3. Shri. G.S. Suresh Kumar, Under Secretary

Officers present (Govt. Secretariat)

Shri.P.H.Kurian, Principal Secretary, Information & IT Dept.

Members present( Odisha Legislative Assembly)

1. Shri. Tara Prasad Bahinipati (Chairman)
2. Shri. Subrat Tarai, MLA
3. Shri. Anubhav Patnaik, MLA
4. Shri. Surendra Sethi ,MLA
5. Shri. Kishore Chandra Tarai, MLA

Officer present from Legislature Secretariat (Odisha)

Shri. Anand Patnaik, Secretary, I.T. Department

At the outset, the Chairman, members and officials of both Committees introduced themselves. Then the Chairman of the host Committee extended a hearty welcome to the Chairman and Members of the visiting Committee and explained the functioning of subject committee system in Kerala Legislative Assembly.

The Chairman explained that there were 14 subject Committees in Kerala Legislative Assembly dealing with various portfolios, in which Subject Committee VI deals with Eduction, Sports and Youth affairs, Art and Culture and Science and Technology. He also explained that the Committee consists of 11 members and normally these committees are chaired by Ministers and the other ministers whose subjects partly come under the same Subject Committee would also attend the Committee meetings as Ex-officio members or as special invitees. He further explained that in Kerala, Information Technology and Education were separate departments governed by different Ministers and come under the purview of different Subject Committees - Kerala had made advancements in the field of education under the progressive legislations enacted by the Kerala Legislative Assembly. He added that our state has highest rate of literacy in India. After this explanation the Chairman desired to know about the details of the functioning of the visiting Committee.

The Chairman of the Standing Committee in Odisha Legislative Assembly gave a brief introduction about their Committee. He explained that MLA was the Chairman of the standing Committee and they have separate Ministers for higher education and elementary education. The Standing

Committee IV deals with School and Mass Education, Sports and Youth Services, Science and Technology and Information Technology. He continued that they were very much interested to know the educational system, policies, funding, meal programmes and how the educational system was connected with IT and future IT plans of Kerala.

The Chairman of Subject Committee VI informed that Kerala Government give more importance to Education and literacy. Government finances elementary education especially in the aided sector. Here 2/3rd of the educational institutions were in the unaided sector. The State Government introduced meal-day programmes upto 12th standard in the schools with the assistance of Sarva Siksha Abhiyan. Under this programme the school going students were provided with milk and egg and nutritional and balanced mid-day food in every working day through schools.

In Kerala, school education system was divided as Primary, Secondary and Higher Secondary Education. These were also preprimary institutions which include 'Anganvadis' Government would provide all the amenities to the students. Here the teacher-student ratio is 1:30. Apart from these, the vocational higher secondary schools were started to train the students for some occupations, business, profession or trade. To enhance the quality of education we had introduced a television channel called 'Victers Channel' which is a 24 hours programme conducted by the services of retired and experienced teachers. Digitization of text books was a major footstep to the educational system in Kerala. This had been done with the help of I.T and SCERT. Students would get the lessons from the concerned website of SCERT.

The Higher education was divided into graduation and Post graduation Colleges offer a wide variety of courses and the students were provided with ample opportunities to specialise in fields of their interest. Another landmark is the introduction of self finance private colleges offering professional education.

Providing education through evening classes the State succeeded in bringing out basic changes in the status of women and adults. Such classes are conducted throughout the state, especially in rural and tribal areas, by government organizations and voluntary associations.

The chairman invited the Principal Secretary, IT Department to give an explanation regarding the IT system existing in Kerala and IT related programmes prevailing in the State.

The Principal Secretary of I.T department said that the State of Kerala is always a forerunner among the other states of India in the adoption and applications of ICT (Information and Communication Technology). The State Govt., had announced its first IT policy in 1998. He added that the vision of the state's IT policy was to plan, develop and market the state as the most preferred IT/ITES investment/ business destination in India. The IT policies have helped Kerala to achieve unique distinctions as a preferred IT/ITES investment destination and also a leader in E- Governance. He also explained about IT strategies, Kerala IT brand, objectives of IT policies, IT Park Special Economic zones etc.

He added that the Akshaya e centers established by the state provided career and entrepreneurship skill development programmes and Technology Literacy to the rural people. The government ensured that the IT parks

established in the state is equipped with green, eco-friendly, energy efficient layouts and interiors to provide world class cost effective work space to various levels of IT/ITES companies to set up their operations within IT Park.

He explained briefly about the stepping stones and future plans of IT field in Kerala.

He assured to give a brief note regarding the policy of IT system prevailing in Kerala to the visiting committee.

The Chairman of the visiting Committee expressed sincere thanks to the Chairman and members and other official of the Subject Committee VI for the warm welcome and co-operation extended to them.

The Committee decided to conduct a study tour programme to the major Universities in India.

The meeting adjourned at 4.50 p.m.

## 5. 23.06.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 ജൂൺ 23-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 എ' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ഡോ. എൻ. ജയരാജ്, എം.എൽ.എ.
2. ശ്രീ. ജോസഫ് വാഴയ്ക്കൻ, ,,
3. ശ്രീ. എം. ഉമ്മർ, ,,

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജ്യോതി എൽ., അണ്ടർ സെക്രട്ടറി.

**ഹാജരായ മറ്റ് ഉദ്യോഗസ്ഥർ**

1. ശ്രീ. വി.എസ്. സെന്തിൽ, അഡീഷണൽ ചീഫ് സെക്രട്ടറി, പൊതുവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി റാണി ജോർജ്ജ്, സെക്രട്ടറി, സാംസ്കാരികകാര്യ വകുപ്പ്.
3. ശ്രീമതി സി. വത്സല, അഡീഷണൽ സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.
4. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
5. ശ്രീ. വി.എ. മോഹൻലാൽ, അഡീഷണൽ സെക്രട്ടറി, ശാസ്ത്രസാങ്കേതിക വകുപ്പ്.
6. ശ്രീ. എ.പി. ഗോപകുമാർ, ജോയിന്റ് സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്.
7. ശ്രീ. എൻ. മോഹന കുമാർ, ചീഫ് എഞ്ചിനീയർ, നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ്.

8. ശ്രീ. എസ്. നജ്മുദ്ദീൻ, അഡീഷണൽ ഡയറക്ടർ, സ്പോർട്സ് ആന്റ് യൂത്ത് അഫയേഴ്സ്

9. ശ്രീ. കെ.ബി. സന്തോഷ് കുമാർ, സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ.

10. ശ്രീ. കെ. രാധാകൃഷ്ണൻ നായർ, മെമ്പർ സെക്രട്ടറി, കേരള സ്റ്റേറ്റ് യൂത്ത് വെൽഫയർ ബോർഡ്.

I. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടി (2014-15)-ലെ താഴെപ്പറയുന്ന ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ സമിതി അംഗീകരിച്ചു.

(ഫയൽ നമ്പർ 3471/സബ്.സി.ഇ I/14/നി.സെ)

<u>പൊതുവിദ്യാഭ്യാസ വകുപ്പ്</u>

ഖണ്ഡികകൾ 1 മുതൽ 24 വരെ, 63
(സർക്കാർ കത്ത് നമ്പർ 45957/ജി2/14/പൊ.വി.)

<u>ഉന്നതവിദ്യാഭ്യാസ വകുപ്പ്</u>

ഖണ്ഡികകൾ 31, 35, 48, 50, 51, 67, 68
(സർക്കാർ കത്ത് നമ്പർ 33400/ജെ3/14/ഉ.വിവ.)

<u>ആസൂത്രണ സാമ്പത്തികകാര്യവകുപ്പ്</u>

ഖണ്ഡിക 75

(സർക്കാർ കത്ത് നമ്പർ 11816/ഇ I/14/പ്ലാനിംഗ്)

<u>ശാസ്ത്രസാങ്കേതിക വകുപ്പ്</u>

ഖണ്ഡിക 76
(സർക്കാർ കത്ത് നമ്പർ 3806/എ 4/14/ശാ.സാ.വ.)

<u>കായിക യുവജനകാര്യ വകുപ്പ്</u>

ഖണ്ഡികകൾ 77, 78, 79, 80, 81
(സർക്കാർ കത്ത് നമ്പർ 3686/എ I/14/കാ.യു.വ.)

ഖണ്ഡികകൾ 82, 83, 84, 85, 86

(സർക്കാർ കത്ത് നമ്പർ 3585/ബി2/14/കാ.യു.വ.)

സാംസ്കാരികകാര്യ വകുപ്പ്

ഖണ്ഡികകൾ 87 മുതൽ 91 വരെ, 94 മുതൽ 115 വരെ, 117 മുതൽ 125 വരെ, 128 മുതൽ 131 വരെ, 132

(സർക്കാർ കത്ത് നമ്പർ 6033/എ 3/14/സാം.കാ.വ.)

II. സമിതിയുടെ ശ്രദ്ധയിൽപ്പെട്ടുത്തിയ ഫയലുകൾ

1. 2012-13-ലെ വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച്

(ഫയൽ നമ്പർ 58/സബ്.സി.ഇ 1/13/നി.സെ)

ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 2012-13-ലെ വാർഷിക പ്രവർത്തന റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

2. കേരള സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്പെഷ്യൽ റൂൾസിന്റെ കരട് നിശ്ചിത മാതൃകയിൽ ലഭ്യമാക്കാത്തത് സംബന്ധിച്ച്.

(ഫയൽ നമ്പർ 18616/സബ്.സി.ഇ 1/08/നി.സെ)

സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട് ധനകാര്യവകുപ്പ് നിർദ്ദേശിച്ച മാറ്റങ്ങൾ വരുത്തിയതിനുശേഷം ധനകാര്യവകുപ്പിന്റെ അംഗീകാരത്തിനായി സ്പെഷ്യൽ റൂൾസിന്റെ കരട് വീണ്ടും സമർപ്പിച്ചിരിക്കുകയാണെന്നും അംഗീകാരം ലഭിച്ചാലുടൻ സമിതിക്ക് ലഭ്യമാക്കാമെന്നും സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഇത് സംബന്ധിച്ച് ഇടക്കാല റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

III. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ട് (2014-15)-ലെ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ ലഭ്യമാക്കിയ നടപടിക്കുറിപ്പുകൾ (മേൽ ഇനം I പ്രകാരം)സമിതി അംഗീകരിച്ചത് കൂടി ഉൾപ്പെടുത്തിയ രൂപത്തിലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

യോഗം ഉച്ചയ്ക്ക് ശേഷം 12.20-ന് പിരിഞ്ഞു.

## 6. 07.07.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 ജൂലൈ 7-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.05-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ
2. ഡോ. കെ.ടി. ജലീൽ, "
3. ഡോ. എൻ. ജയരാജ്, "
4. ശ്രീ. ജോസഫ് വാഴയ്ക്കൻ, "
5. ശ്രീ. റ്റി.വി. രാജേഷ്, "
6. ശ്രീ. ഷാഫി പറമ്പിൽ, "
7. ശ്രീ. എം. ഉമ്മർ, "

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ് വി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ജ്യോതി. എൽ, അണ്ടർ സെക്രട്ടറി.

<u>മറ്റ് ഉദ്യോഗസ്ഥർ:</u>

1. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ഡോ. കുഞ്ചെറിയ പി. ഐസക്, വൈസ് ചാൻസലർ, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല.
4. ഡോ. എം. അബ്ദു റഹ്മാൻ, പ്രോ-വൈസ് ചാൻസലർ, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല.

5. ശ്രീ. എം. ഷെരീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
6. ശ്രീ. കെ.എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
7. ഡോ. കെ. വിജയകുമാർ, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.
8. ഡോ. ജി.പി. പത്മകുമാർ, രജിസ്ട്രാർ, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല.
9. ശ്രീ. തോമസ്കുട്ടി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.

2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ബിൽ സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തു.

ബില്ലിന്റെ ശീർഷകം, ബില്ലിൽ "കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല" എന്നാണ് വന്നിട്ടുള്ളതെന്നും ഇംഗ്ലീഷ് പരിഭാഷയിലെ 'ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി' എന്നതാണ് ശരിയായ പ്രയോഗമെന്നും അതിനു സമാനമായ 'സാങ്കേതികശാസ്ത്ര സർവ്വകലാശാല' എന്നാണ് മലയാളത്തിലുള്ള ബില്ലിലും വരേണ്ടതെന്നും സമിതി വിലയിരുത്തി. ആയതിനാൽ ഒന്നാം ഖണ്ഡത്തിൽ 'ശാസ്ത്രസാങ്കേതിക സർവ്വകലാശാല' എന്നത് 'സാങ്കേതികശാസ്ത്ര സർവ്വകലാശാല' എന്ന് ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

സാങ്കേതികശാസ്ത്ര സർവ്വകലാശാലയ്ക്ക് സ്വയംഭരണാധികാരം നൽകുന്നതിന് പകരം കോളേജുകൾക്ക് സ്വയംഭരണം നൽകുന്നതിന് ഇപ്പോൾ നിലവിലുള്ള 2014-ലെ സർവ്വകലാശാല (മൂന്നാം ഭേദഗതി)ആക്ടിന്റെ പരിധിയിൽ ഈ സർവ്വകലാശാലയേയും കൊണ്ടു വരുന്നതല്ലേ ഉചിതമെന്ന് ആരാഞ്ഞതിന് പ്രസ്തുത ആക്ടിൽ മറ്റ് സർവ്വകലാശാലകളെ ഒരുമിച്ച് കൊണ്ടുവരുകയല്ല ചെയ്തതെന്നും കോളേജുകൾക്ക് സ്വയംഭരണം നൽകുവാൻ ആവശ്യമായ ഭേദഗതി വരുത്തുവാൻ ബന്ധപ്പെട്ട യൂണിവേഴ്സിറ്റികളുടെ സ്റ്റാറ്റ്യൂട്ടറിക്ക് അനുമതി നൽകുകയാണ് ചെയ്തതെന്നും സമിതി ചെയർമാൻ വ്യക്തമാക്കി. സർവ്വകലാശാലയ്ക്കാണ് അക്കാദമിക സ്വയംഭരണാവകാശം നൽകുന്നതെന്നും അതിൽ അഫിലിയേറ്റ് ചെയ്യുന്ന കോളേജുകൾക്കല്ലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സാങ്കേതികശാസ്ത്ര സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യുന്ന കോളേജുകൾക്ക് സ്വയംഭരണപദവി കൊടുക്കുന്ന സമയത്ത് നിലവിലുള്ള

നിയമങ്ങൾക്കനുസൃതമായി ഈ ആക്ടിൽ ഭേദഗതി കൊണ്ടു വരണമെന്ന് സമിതി നിർദ്ദേശിച്ചു.

താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതികൾ സമിതി അംഗീകരിച്ചു.

1. 2-ാം ഖണ്ഡത്തിൽ,-

(എ) " (ഐ)" ഉപഖണ്ഡത്തിൽ, "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളിൽ" എന്നീ വാക്കുകൾക്കുപകരം "എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

(ബി) " (ക്യൂ)" ഉപഖണ്ഡത്തിൽ, "അണ്ടർ ഗ്രാജ്വേറ്റ്" എന്നീ വാക്കുകൾക്കു ശേഷം "ഗ്രാജ്വേറ്റ്" എന്ന വാക്ക് ചേർക്കേണ്ടതാണ്.

(സി) " (എസ്)" ഉപഖണ്ഡത്തിൽ, "സർവ്വകലാശാലയുടെ ഫാക്കൽറ്റി" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയുടെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അദ്ധ്യാപകർ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

2. 3-ാം ഖണ്ഡത്തിന്റെ (5)-ാം ഉപഖണ്ഡത്തിൽ "അഫിലിയേഷനും, ഇവ രണ്ടും" എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "അഫിലിയേഷനും" എന്ന വാക്ക് ചേർക്കേണ്ടതാണ്.

3. 5-ാം ഖണ്ഡത്തിൽ, " (ആർ) സർവ്വകലാശാല അതത് സമയങ്ങളിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾ" എന്ന ഇനം വിട്ടുകളയേണ്ടതാണ്.

ഖണ്ഡം 2-ൽ ഉപഖണ്ഡം (ജെ)യിൽ പരാമർശിക്കുന്ന ചെയർമാൻ എന്ന സ്ഥാനം മറ്റൊരു യൂണിവേഴ്സിറ്റിയിലും ഇല്ലാത്തതാണെന്നും ചാൻസലർക്ക് ശേഷം പ്രോ-ചാൻസലർക്ക് മുകളിൽ ചെയർമാൻ എന്ന പദവിയുണ്ടായാൽ രണ്ടധികാര സ്ഥാനങ്ങളുണ്ടാകുമെന്നും ഇത് യൂണിവേഴ്സിറ്റികളിന്മേൽ പ്രോ-ചാൻസലർക്കുള്ള നിയന്ത്രണം ഇല്ലാതാക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു. ബില്ലിൽ വിഭാവനം

ചെയ്യപ്രകാരം ഈ സർവ്വകലാശാലയെ ലോകോത്തര നിലവാരത്തിലേക്ക് ഉയർത്താൻ സാധിക്കുന്ന തരത്തിൽ മികച്ച സാങ്കേതിക വൈദഗ്ധ്യമുള്ള പ്രശസ്തരായ ആളുകളെ ചെയർമാൻ പദവിയിലേയ്ക്ക് ലഭിക്കാത്ത പക്ഷം നിലവിലുള്ള സാഹചര്യങ്ങളിൽ ദുരുപയോഗം ചെയ്യപ്പെടാനിടയുണ്ടെന്നും സമിതി വിലയിരുത്തി.

പ്രോ-ചാൻസലർ വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആണെന്നിരിക്കെ ഇന്ത്യയിലെ ഒരു യൂണിവേഴ്സിറ്റിയിലും നിലവിലില്ലാത്ത ചെയർമാൻ എന്ന പദവി യൂണിവേഴ്സിറ്റിയുടെ മേൽ സർക്കാരിനുള്ള അധികാരങ്ങൾ ഇല്ലാതാക്കുമെന്നും ചെയർമാനിലേക്ക് അധികാരങ്ങൾ കേന്ദ്രീകരിക്കാനിടയുള്ളതിനാലും ഈ പദവി ഭാവിയിൽ ദുരുപയോഗം ചെയ്യാൻ സാധ്യതയുള്ളതിനാലും ഒരു പൊതുവികാരം എന്ന നിലയിൽ ചെയർമാൻ പദവി ഒഴിവാക്കേണ്ടതാണെന്നും വിലയിരുത്തിയ സമിതി അടുത്ത യോഗത്തിൽ ഈ വിഷയം ചർച്ച ചെയ്യുന്നതിലേക്ക് മാറ്റി വയ്ക്കാൻ തീരുമാനിച്ചു.

ഈ ബില്ലിൽ സ്റ്റുഡന്റ് കൗൺസിലിനെക്കുറിച്ചോ വിദ്യാർത്ഥികളുടെ പ്രാതിനിധ്യത്തെക്കുറിച്ചോ ഒരിടത്തും പരാമർശിക്കുന്നില്ലെന്നും യൂണിവേഴ്സിറ്റിക്ക് ഒരു സ്റ്റുഡന്റ് കൗൺസിൽ ആവശ്യമാണെന്നും മെഡിക്കൽ യൂണിവേഴ്സിറ്റി ആക്ടിന്റെ മാതൃകയിൽ വിദ്യാർത്ഥി പ്രാതിനിധ്യം സംബന്ധിച്ച വ്യവസ്ഥകൾ ഈ ബില്ലിലും കൊണ്ടുവരണമെന്നും സമിതി നിർദ്ദേശിച്ചു.

ചർച്ച പൂർത്തിയാകാത്തതിനാൽ കേരള സാങ്കേതികശാസ്ത്ര സർവ്വകലാശാല ബിൽ വിശദമായി ചർച്ച ചെയ്യുവാൻ മറ്റൊരു ദിവസം യോഗം ചേരുവാൻ സമിതി തീരുമാനിച്ചു.

യോഗം 5.45-ന് പിരിഞ്ഞു.

## 7. 21.7.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 ജൂലൈ 21-ാം തീയതി ചൊവ്വാഴ്ച സഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 4.15-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എം. എ. ബേബി, എം.എൽ.എ
2. ഡോ. എൻ. ജയരാജ് ,,
3. ശ്രീ. റ്റി. വി. രാജേഷ് ,,
4. ശ്രീ. ഷാഫി പറമ്പിൽ, ,,
5. ശ്രീ. എം. ഉമ്മർ, ,,
6. ശ്രീ. പി.സി. വിഷ്ണുനാഥ്, ,,

നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ്. വി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി. ജ്യോതി എൽ, അണ്ടർ സെക്രട്ടറി.

മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ഡോ. കുഞ്ചെറിയ പി. ഐസക്, വൈസ് - ചാൻസലർ, കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
4. ശ്രീ. എം. ഷെറീഫ്, അഡീഷണൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്.
5. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
6. ശ്രീ. തോമസ്കുട്ടി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്.
7. ഡോ. എം. അബ്ദു റഹമാൻ, പ്രോ-വൈസ് - ചാൻസലർ, കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല.

8. ഡോ. ജി. പി. പത്മകുമാർ, രജിസ്ട്രാർ, കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല
9. ഡോ. കെ. വിജയകുമാർ, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.

7.7.2015- ലെ യോഗത്തിന്റെ തുടർച്ചയായി സമിതി 2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പരിഗണിച്ചു.

കഴിഞ്ഞ യോഗത്തിൽ ബില്ലിന്മേലുള്ള ചർച്ച ഖണ്ഡങ്ങളുടെ ക്രമപ്രകാരമായിരുന്നില്ലെന്നും ചർച്ചയിൽ ഉരുത്തിരുഞ്ഞ ഖണ്ഡങ്ങളിന്മേലുള്ള ഭേദഗതികൾ ശരിയായി രൂപപ്പെടുത്താൻ കഴിഞ്ഞില്ലെന്നും ആയതിനാൽ, ഈ യോഗത്തിൽ ബില്ല് ഖണ്ഡം ഖണ്ഡമായി പരിഗണിച്ച് ഭേദഗതികൾ നിർദ്ദേശിക്കാമെന്നും ആമുഖമായി സമിതി അദ്ധ്യക്ഷൻ അറിയിച്ചു.

ബില്ലിലെ ചെയർമാൻ പദവിയെ സംബന്ധിച്ച വ്യവസ്ഥ സമിതി ചർച്ച ചെയ്തു. വൈസ്-ചാൻസലർ, പ്രോ-വൈസ് ചാൻസലർ എന്നീ പദവികൾക്കു മുകളിൽ ചെയർമാൻ എന്ന പദവിയുടെ ആവശ്യമില്ലെന്നും ദേശീയ തലത്തിൽ അംഗീകരിക്കപ്പെടുന്ന വ്യക്തികളെ ഈ പദവിയിലേക്ക് ലഭിക്കാതെ വരുമ്പോൾ ആ സ്ഥാനത്ത് ആരെങ്കിലും നിയമിക്കപ്പെടുക എന്ന കീഴ്‌വഴക്കം സൃഷ്ടിക്കാനിടവരുമെന്നും അത് ഭാവിയിൽ യൂണിവേഴ്സിറ്റിയുടെ നിലവാരത്തെ ബാധിക്കുന്ന തരത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാക്കുമെന്നും വിലയിരുത്തിയ സമിതി, ചെയർമാൻ പദവി ഒഴിവാക്കുവാൻ തീരുമാനിച്ചു. ബില്ലിൽ നിന്നും ചെയർമാൻ എന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകളെല്ലാം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

ബില്ലിൽ ബോർഡ് ഓഫ് ഗവർണേഴ്സിൽ സ്റ്റുഡന്റ് കൗൺസിലിനെ ഉൾപ്പെടുത്തിയിട്ടില്ലെന്നും ബോർഡ് ഓഫ് സ്റ്റഡീസ് ഇല്ലെന്നും വിലയിരുത്തിയ സമിതി സിലബസ് മുതലായ കാര്യങ്ങൾ തീരുമാനിക്കുന്നത് ആരാണെന്ന് ആരാഞ്ഞു, ഇപ്പോൾ സിലബസ് തീരുമാനിക്കുന്നതിനായി ഒരു കമ്മിറ്റിയും

സിലബസ് റിവ്യൂ ചെയ്യാൻ ഒരു കമ്മിറ്റിയും ഉണ്ടെന്നും അവയുടെ ഘടന തീരുമാനിക്കുന്നത് അക്കാദമിക് കമ്മിറ്റി ആണെന്നും കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ് ചാൻസലർ അറിയിച്ചു.

ബോർഡ് ഓഫ് സ്റ്റഡീസിന്റെ ഘടനയും പ്രവർത്തനങ്ങളും സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്യേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെട്ടപ്പോൾ ഇപ്രകാരം ചെയ്യണമെങ്കിൽ ബില്ലിൽ ഒരു ഖണ്ഡം പുതുതായി ചേർക്കേണ്ടി വരുമെന്ന് നിയമവകുപ്പ് സ്പെഷ്യൽ സെക്രട്ടറി അറിയിച്ചു. മറ്റ് യൂണിവേഴ്സിറ്റികളിലെ ഇതുപോലുള്ള സമിതികളുടെ ഘടന പരിശോധിച്ചതിനുശേഷം ഇതിൽ മാറ്റം വരുത്താമെന്ന് സമിതി തീരുമാനിച്ചു.

സർവ്വകലാശാലയിലേക്കുള്ള പ്രവേശനത്തിനായി സംവരണം സംബന്ധിച്ച് 6-ാം ഖണ്ഡത്തിൽ പരാമർശിച്ചിട്ടുള്ള 'അതത് സമയങ്ങളിൽ നിലവിലുള്ള സംവരണതത്വങ്ങൾ പാലിച്ചു കൊണ്ട്' എന്ന് കൂടി ഉൾപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു. സ്വാശ്രയ കോളേജുകളിലെ മാനേജ്മെന്റ് ക്വോട്ടയിലെ പ്രവേശനത്തിന് മെറിറ്റ് കൂടി മാനദണ്ഡമാക്കിക്കൂടെയെന്ന് സമിതി അംഗം ആരാഞ്ഞതിന് സ്വാശ്രയ കോളേജുകളിലെ അഡ്മിഷൻ, ഫീസ് മുതലായവ സംബന്ധിക്കുന്ന പ്രത്യേക ആക്ട് ഉണ്ടെന്ന് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വൈസ്ചാൻസലറും ഈ ഒരു യൂണിവേഴ്സിറ്റിക്കായി മാറ്റം വരുത്തുവാൻ സാധിക്കുകയില്ല എന്നതിനാൽ ഇതിനെക്കുറിച്ച് ആലോചിക്കാമെന്ന് സമിതി അദ്ധ്യക്ഷനും അറിയിച്ചു.

ഖണ്ഡം 8 ലെ ഇനം (xvii)- ലെ 'ഇടപാടുകാർ' എന്ന വാക്ക് ഒഴിവാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

സർവ്വകലാശാലയുടെ ആവശ്യങ്ങൾക്കായി സ്ഥാവര ജംഗമ വസ്തുക്കൾ വാങ്ങുന്നതു സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്ന ഖണ്ഡത്തിൽ സർക്കാരിന്റെ മുൻകൂർ അനുമതി വേണമെന്ന് രേഖപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ഖണ്ഡം 14(2) ൽ 'ചാൻസലർ നാമനിർദ്ദേശം ചെയ്യു ഒരംഗം' എന്നത് ഒഴിവാക്കാനും 'ചീഫ് സെക്രട്ടറി സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്' എന്ന് കൂടി ചേർക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ഖണ്ഡം 14(5) ഒഴിവാക്കാനും 14(8)-ൽ 'വൈസ് ചാൻസലറുടെ ഒഴിവ് ചാൻസലർ സ്വയം തീരുമാനിക്കേണ്ടതും' എന്നത് ഒഴിവാക്കണമെന്നും "സർക്കാരിന്റെ ശിപാർശയിന്മേൽ ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്ചാൻസലറയോ പ്രോ-വൈസ് ചാൻസലറയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയോ വൈസ് ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ് എന്ന് മാറ്റണമെന്നും സമിതി നിർദ്ദേശിച്ചു.

മതിയായ കാരണങ്ങൾ വന്നാൽ സർക്കാരിന്റെ ഉപദേശ പ്രകാരം നിയമസഭയ്ക്ക് വി.സിയെ നീക്കം ചെയ്യുവാൻ ഗവർണ്ണറോട് ശിപാർശ ചെയ്യുവാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് നിയമ വകുപ്പ് പരിശോധന നടത്തണമെന്ന് സമിതി നിർദ്ദേശിച്ചു. ബിൽ സംബന്ധിച്ച തുടർ ചർച്ചയ്ക്കായി 23.7.2015-ന് യോഗം ചേരുവാൻ സമിതി തീരുമാനിച്ചു.

സമിതി വൈകുന്നേരം 6.45 ന് യോഗം പിരിഞ്ഞു.

## 8. 23.07.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI 2015 ജൂലൈ 23-ാം തീയതി വ്യാഴാഴ്ച സഭാ സമ്മേളനം കഴിഞ്ഞ് ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന സമിതി അംഗങ്ങളും സന്നിഹിതരായിരുന്നു.

1. ശ്രീ. എം.എ. ബേബി, എം.എൽ.എ.
2. ഡോ. എൻ. ജയരാജ്, ,,
3. ശ്രീ. ജോസഫ് വാഴയ്ക്കൻ, ,,
4. ശ്രീ. റ്റി.വി. രാജേഷ്, ,,
5. ശ്രീ. ഷാഫി പറമ്പിൽ, ,,
6. ശ്രീ. എം. ഉമ്മർ, ,,
7. ശ്രീ. പി.സി. വിഷ്ണുനാഥ്, ,,

### നിയമസഭാ സെക്രട്ടേറിയറ്റ്

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീ. സന്തോഷ് വി., ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീമതി ജ്യോതി എൽ., അണ്ടർ സെക്രട്ടറി.

### ഹാജരായ മറ്റ് ഉദ്യോഗസ്ഥർ

1. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീമതി എസ്. കുമാരി സുധ, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ഡോ. കുഞ്ചെറിയ പി. ഐസക്, വൈസ് ചാൻസലർ, കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല.

4. ഡോ. എം. അബ്ദുറഹ്മാൻ, പ്രോ-വൈസ് ചാൻസലർ, കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല.

5. ശ്രീ. കെ.എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്

6. ഡോ. ജി.പി.പത്മകുമാർ, രജിസ്ട്രാർ, കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല.

7. ഡോ. വിജയ കുമാർ, ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്.

8. ശ്രീ. തോമസ്കുട്ടി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

2015-ലെ കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ബിൽ പരിഗണിക്കുന്നതിനായി 07.07.2015, 21.07.2015 എന്നീ തീയതികളിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങൾ സമിതി വിലയിരുത്തുകയും അന്നേ ദിവസങ്ങളിൽ നിർദ്ദേശിച്ച ഭേദഗതികളുംകൂടി കണക്കിലെടുത്ത് 2015-ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാലാ ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ സമിതി അംഗീകരിക്കുകയും ചെയ്തു.

<u>ഖണ്ഡം 1</u>

ഉപഖണ്ഡം (1)-ൽ "ശാസ്ത്ര സാങ്കേതിക " എന്ന വാക്കിനുപകരം "സാങ്കേതിക ശാസ്ത്ര" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 2</u>

(1) ഉപഖണ്ഡം (ബി)-യിൽ "32" എന്ന അക്കങ്ങൾക്ക് പകരം "31" എന്ന അക്കങ്ങൾ ചേർക്കുക.

(2) ഉപഖണ്ഡം (എഫ്)-ൽ "23" എന്ന അക്കങ്ങൾക്ക് പകരം "22" എന്ന അക്കങ്ങൾ ചേർക്കുക.

(3) ഉപഖണ്ഡം (ഐ)-യിൽ "എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളിൽ" എന്നീ വാക്കുകൾക്കുപകരം "എഞ്ചിനീയറിംഗ് ശാസ്ത്രം, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നിവയിൽ " എന്നീ വാക്കുകൾ ചേർക്കുക.

(4) ഉപഖണ്ഡം (ജെ) ഒഴിവാക്കുക.

(5) ഉപഖണ്ഡം (പി) -യിൽ "അണ്ടർ ഗ്രാജ്വേറ്റ്," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "ഗ്രാജ്വേറ്റ്,"എന്ന വാക്കും ചിഹ്നവും ചേർക്കുക.

(6) ഉപഖണ്ഡം (ക്യൂ) -ൽ "അണ്ടർ ഗ്രാജ്വേറ്റ്," എന്നീ വാക്കുകൾക്കു ശേഷം "ഗ്രാജ്വേറ്റ്,"എന്ന വാക്കും ചിഹ്നവും ചേർക്കുക.

(7) ഉപഖണ്ഡം (എസ്) -ൽ "സർവ്വകലാശാലയുടെ ഫാക്കൽറ്റി" എന്നീ വാക്കുകൾക്കു പകരം "സർവ്വകലാശാലയുടെയോ അതിനോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളുടെയോ സ്ഥാപനങ്ങളുടെയോ അദ്ധ്യാപകർ" എന്നീ വാക്കുകൾ ചേർക്കുക.

(8) ഉപഖണ്ഡം (ഇസഡ് ആർ)-ൽ "49"എന്ന അക്കങ്ങൾക്ക് പകരം "48" എന്ന അക്കങ്ങൾ ചേർക്കുക.

(9) നിലവിൽ (കെ) മുതൽ (ഇസഡ്എസ്) വരെയുള്ള ഉപഖണ്ഡങ്ങൾ (ജെ) മുതൽ (ഇസഡ്ആർ) വരെയായി പുനരക്ഷരം ചെയ്യുക.

<u>ഖണ്ഡം 3</u>

(1) ഉപഖണ്ഡം (1) - ൽ "ഒരു ചെയർമാൻ," എന്നീ വാക്കുകളും ചിഹ്നവും ഒഴിവാക്കുക.

(2) ഉപഖണ്ഡം (3) - ൽ "ഒരു കാര്യത്തിനോ വേണ്ടി," എന്നീ വാക്കുകൾക്കുശേഷം "സർക്കാരിന്റെ രേഖാമൂലമുള്ള മുൻകൂർ അനുമതി വാങ്ങിയതിനുശേഷം" എന്നീ വാക്കുകൾ ചേർക്കുക.

(3) ഉപഖണ്ഡം (5) - ൽ "അഫിലിയേഷനും, ഇവ രണ്ടും," എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും പകരം "അഫിലിയേഷനും" എന്ന വാക്ക് ചേർക്കുക.

<u>ഖണ്ഡം 4</u>

(1) ഉപഖണ്ഡം (2) - ൽ "ഏതൊരു എഞ്ചിനീയറിംഗ് കോളേജും" എന്നീ വാക്കുകൾക്ക് ശേഷം "അല്ലെങ്കിൽ സ്ഥാപനവും, അതത് സംഗതി പോലെ," എന്നീ വാക്കുകൾ ചേർക്കുക.

(2) ഇനം (iv)- ന ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

" (v) സ്ഥാപനമായോ;"

<u>ഖണ്ഡം 5</u>

(1) ഉപഖണ്ഡം (എ) താഴെപ്പറയും പ്രകാരം മാറ്റുക:

"(എ) സംസ്ഥാനത്തിന്റെ സാങ്കേതികശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും എഞ്ചിനീയറിംഗ് വിദ്യാഭ്യാസ ആസൂത്രണത്തിനും നേതൃത്വം നൽകുക."

(2) ഉപഖണ്ഡം (സി)-ൽ "ക്രമപ്പെടുത്തുക" എന്ന വാക്കിനു പകരം "ഉറപ്പുവരുത്തുക" എന്ന വാക്ക് ചേർക്കുക.

(3) ഉപഖണ്ഡം (ഡി) ഒഴിവാക്കുക.

(4) ഉപഖണ്ഡം (എൽ)-ൽ "ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കും പേര് ചേർക്കുന്നത്" എന്നീ വാക്കുകൾക്കുപകരം "ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കുമുള്ള എൻറോൾമെന്റ്" എന്നീ വാക്കുകൾ ചേർക്കുക.

(5) ഉപഖണ്ഡം (ആർ) ഒഴിവാക്കുക.

(6) നിലവിൽ (ഇ) മുതൽ (ക്യൂ) വരെയുള്ള ഉപഖണ്ഡങ്ങൾ (ഡി) മുതൽ (പി) വരെയായി പുനരക്ഷരം ചെയ്യുക.

<u>ഖണ്ഡം 6</u>

(1) ഉപഖണ്ഡം (1)- ൽ "സ്റ്റാറ്റ്യൂട്ടുകളിലേയും വ്യവസ്ഥകൾക്ക് വിധേയമായി," എന്നീ വാക്കുകൾക്കുശേഷം "അതത് സമയങ്ങളിൽ നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ട്," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(2) ഉപഖണ്ഡം (2)- ൽ "കോളേജുകളിൽ സർവ്വകലാശാല സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർക്കാരിന് നിർദ്ദേശിക്കാവുന്നതാണ്" എന്നീ വാക്കുകൾക്കുപകരം "കോളേജുകളിൽ സീറ്റുകൾ സംവരണം ചെയ്യേണ്ടതാണെന്ന് സർക്കാരിന് സർവ്വകലാശാലയ്ക്ക് നിർദ്ദേശം നൽകാവുന്നതാണ്" എന്നീ വാക്കുകൾ ചേർക്കുക.

<u>ഖണ്ഡം 8</u>

(1) ഇനം (vii) - ൽ ഉപ ഇനം (എ)-യിൽ "അതിന്റെ കീഴിലുള്ള കോളേജിലോ" എന്നീ വാക്കുകൾക്കു പകരം "അതിന്റെ കീഴിലുള്ള ഏതെങ്കിലും കോളേജിലോ" എന്നീ വാക്കുകൾ ചേർക്കുക.

(2) ഇനം (xvii) - ൽ "എന്നിവയിൽ നിന്നുള്ള ഇടപാടുകാർക്ക്" എന്നീ വാക്കുകൾക്ക് പകരം "എന്നിവയ്ക്ക്" എന്ന വാക്ക് ചേർക്കുക.

(3) ഇനം (xxiv) - നുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

"എന്നാൽ, സ്ഥാവര വസ്തുവകകൾ തീറു കൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതുമാണ്."

<u>ഖണ്ഡം 12</u>

ഖണ്ഡം 12 ഒഴിവാക്കുക

<u>ഖണ്ഡം 14</u>

(1) ഉപഖണ്ഡം (2) ൽ

(i) ഇനം (i) ഒഴിവാക്കുക.

(ii) ഇനം (iv)-ൽ " ചീഫ് സെക്രട്ടറി" എന്ന വാക്കിനു ശേഷം ";അദ്ദേഹം സമിതിയുടെ കൺവീനർ ആയിരിക്കുന്നതാണ്". എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(iii) " സമിതിയിലെ അംഗങ്ങളിൽ ഒരാളെ കൺവീനറായി ചാൻസലർ നിയമിക്കേണ്ടതാണ്" എന്നീ വാക്കുകൾ ഒഴിവാക്കുക.

(iv) നിലവിൽ (ii) മുതൽ (iv) വരെയുള്ള ഇനങ്ങൾ യഥാക്രമം (i) മുതൽ (iii) വരെയായി പുനരക്കം ചെയ്യുക.

(2) ഉപഖണ്ഡം (3)-ൽ " അങ്ങനെ നീട്ടിയ കാലയളവ് മൊത്തം മൂന്ന് മാസത്തിൽ കവിയാൻ പാട്ടുള്ളതല്ല" എന്നീ വാക്കുകൾക്കു പകരം " അങ്ങനെ നീട്ടിയ കാലയളവുൾപ്പെടെ മൂന്ന് മാസത്തിനകം പാനൽ തയ്യാറാക്കുന്ന നടപടി പൂർത്തിയാക്കേണ്ടതാണ്" എന്നീ വാക്കുകൾ ചേർക്കുക.

(3) ഉപഖണ്ഡം (4) ൽ "മൂന്ന് പേരുകളുള്ള ഒരു പാനൽ" എന്നീ വാക്കുകൾക്കു പകരം "ഒരാളുടെ പേരുവീതം" എന്നീ വാക്കുകളും "ഏതെങ്കിലും ഒരംഗം" എന്നീ വാക്കുകൾക്ക് ശേഷമുള്ള "പാനൽ" എന്ന വാക്കിനു പകരം "പേര്" എന്ന വാക്കും ചേർക്കുക.

(4) ഉപഖണ്ഡം (5) ഒഴിവാക്കുക.

(5) ഉപഖണ്ഡം (7) ൽ "(6)-ാം ഉപ വകുപ്പിൽ" എന്നീ അക്കത്തിനും ചിഹ്നങ്ങൾക്കും വാക്കിനും പകരം " (5)-ാം ഉപവകുപ്പിൽ " എന്നീ അക്കവും ചിഹ്നങ്ങളും വാക്കും ചേർക്കുക.

(6) ഉപഖണ്ഡം (8)-ൽ

(i) പ്രാരംഭ വാചകത്തിനു പകരം താഴെപ്പറയുന്ന വാചകം ചേർക്കുക:-

"താഴെപ്പറയുന്ന ഏതെങ്കിലും സാഹചര്യങ്ങളിൽ വൈസ്-ചാൻസലറുടെ ഒഴിവ്

വരുന്നപക്ഷം സർക്കാർ ശിപാർശ ചെയ്യുന്ന, മറ്റേതെങ്കിലും സർവ്വകലാശാലയുടെ വൈസ്-ചാൻസലറെയോ പ്രോ-വൈസ് ചാൻസലറെയോ അല്ലെങ്കിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയെയൊ മൊത്തം ആറുമാസത്തിൽ കവിയാത്ത കാലയളവിലേയ്ക്ക് വൈസ് ചാൻസലറായി ചാൻസലർക്ക് നിയമിക്കാവുന്നതാണ്. അതായത്-"

(ii) ഇനം (ii)ൽ " മേൽ (1) മുതൽ (6) വരെ" എന്നീ വാക്കുകൾക്കും അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം "(1) മുതൽ (5) വരെ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

(iii) ഇനം (iii) ൽ "അസുഖമോമൂലമോ" എന്ന വാക്കിന് പകരം " അസുഖം മൂലമോ" എന്നീ വാക്കുകൾ ചേർക്കുക.

(7) ഉപഖണ്ഡം (12) ൽ " ഏതാണോ ആദ്യം, ഔദ്യോഗിക പദവി ഇല്ലാതായിത്തീരുന്നതുമാണ്" എന്നീ വാക്കുകൾക്കുപകരം " ഏതാണോ ആദ്യം വരുന്നത് അന്ന്, ഔദ്യോഗിക പദവി അവസാനിക്കുന്നതുമാണ്" എന്നീ വാക്കുകൾ ചേർക്കുക.

(8) നിലവിൽ (6) മുതൽ (13) വരെയുള്ള ഉപഖണ്ഡങ്ങൾ യഥാക്രമം (5) മുതൽ (12) വരെയായി പുനരക്കം ചെയ്യുക.

<u>ഖണ്ഡം 15</u>

(1) ഉപഖണ്ഡം (9) ന പകരം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുക:-

"9. സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം നിശ്ചയിക്കുന്ന പരിധിക്ക് വിധേയമായി, ചെലവു ചെയ്യുന്നതിനുള്ള സാമ്പത്തികാധികാരം വൈസ്-ചാൻസലർക്ക് ഉണ്ടായിരിക്കുന്നതാണ്".

(2) ഉപഖണ്ഡം (10)-ൽ "പെരുമാറ്റ ദൂഷ്യത്തിൽ ഉൾപ്പെട്ടതിനോ," എന്നീ വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "നിർവ്വാഹക സമിതിയുടെ അംഗീകാരത്തിന് വിധേയമായി," എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

(3) ഉപഖണ്ഡം (11)-ൽ "വ്യവസ്ഥകൾക്ക് വിധേയമായി" എന്നീ വാക്കുകൾക്ക് പകരം " വ്യവസ്ഥകൾക്കും നിർവ്വാഹക സമിതിയുടെ അംഗീകാരത്തിനും വിധേയമായി" എന്നീ വാക്കുകൾ ചേർക്കുക.

(4) ഉപഖണ്ഡം (12) ഒഴിവാക്കുക.

(5) നിലവിൽ (13) മുതൽ (15) വരെയുള്ള ഉപഖണ്ഡങ്ങൾ (12) മുതൽ (14) വരെയുള്ള ഉപഖണ്ഡങ്ങളായി പുനരക്കം ചെയ്യുക.

ഖണ്ഡം 16

ഉപഖണ്ഡം (1)- ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (1) സർക്കാർ ശിപാർശ ചെയ്യുന്ന, എഞ്ചിനീയറിംഗ്, സാങ്കേതിക ശാസ്ത്രരംഗത്ത് പ്രവർത്തിക്കുന്നതും സ്റ്റാറ്റ്യൂട്ടുകളിൽ നിർണ്ണയിക്കുന്ന യോഗ്യതകൾ ഉള്ളതുമായ ഒരാളെ പ്രോ-വൈസ്-ചാൻസലറായി ചാൻസലർ നിയമിക്കേണ്ടതും അദ്ദേഹം സർവ്വകലാശാലയുടെ ശമ്പളം പറ്റുന്ന ഒരു മുഴുവൻസമയ ഉദ്യോഗസ്ഥനായിരിക്കുന്നതുമാണ്."

ഖണ്ഡം 17

(1) ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ രജിസ്ട്രാറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതാണ്. പ്രഥമ രജിസ്ട്രാറെ സർക്കാർ നിയമിക്കേണ്ടതാണ്"

(2) ഉപഖണ്ഡം (3)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (3) രജിസ്ട്രാറുടെ സേവനകാലാവധി സർവ്വകലാശാലകളുടെ ഓഫീസർമാരുടെ പ്രായപരിധി സംബന്ധിച്ചുള്ള സർക്കാരിന്റെ കാലാകാലങ്ങളിലുള്ള ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. രജിസ്ട്രാറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്"

## ഖണ്ഡം 18

ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ ഫൈനാൻസ് ഓഫീസറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ ഫൈനാൻസ് ഓഫീസറെ സർക്കാർ നിയമിക്കേണ്ടതാണ്. ഫൈനാൻസ് ഓഫീസറുടെ സേവനകാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ അനുസരിച്ചായിരിക്കുന്നതാണ്. ഫൈനാൻസ് ഓഫീസറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തിപരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

## ഖണ്ഡം 19

(1)ഉപഖണ്ഡം (1)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (1) സ്റ്റാറ്റ്യൂട്ടുകളാൽ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം, വൈസ്-ചാൻസലർ കൺവീനറായി, നിർവ്വാഹക സമിതി നിർണ്ണയിക്കുന്ന ഒരു സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്ന മൂന്ന് പേരിൽനിന്നും സർക്കാർ നിർദ്ദേശിക്കുന്ന ഒരാളെ പരീക്ഷാ കൺട്രോളറായി നിർവ്വാഹക സമിതി നിയമിക്കേണ്ടതും അദ്ദേഹം ശമ്പളം പറ്റുന്ന ഒരു മുഴുവൻ സമയ ഉദ്യോഗസ്ഥനായിരിക്കുന്നതും വൈസ്-ചാൻസലറുടെ നേരിട്ടുള്ള മേൽനോട്ടത്തിലും നിർദ്ദേശത്തിലും നിയന്ത്രണത്തിലും ജോലി ചെയ്യേണ്ടതുമാണ്. പ്രഥമ പരീക്ഷാ കൺട്രോളറെ സർക്കാർ നിയമിക്കേണ്ടതാണ്."

(2) ഉപഖണ്ഡം (2)-ന് പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:-

" (2) പരീക്ഷാ കൺട്രോളറുടെ സേവന കാലാവധി ഇതു സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവനുസരിച്ചായിരിക്കുന്നതാണ്. പരീക്ഷാ

കൺട്രോളറായി തെരഞ്ഞെടുക്കപ്പെടുന്നതിന് ആവശ്യമായ യോഗ്യതകളും പ്രവൃത്തി പരിചയവും സർക്കാർ അംഗീകരിച്ച പ്രകാരമായിരിക്കേണ്ടതാണ്."

ഖണ്ഡം 20

ഖണ്ഡം 20-ന്റെ മാർജിനൽ ശീർഷകത്തിലെ "എന്നിവയുടെ" എന്ന വാക്കിനു പകരം "എന്നിവരുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 22

" ചെയർമാന്റെയും" എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്.

ഖണ്ഡം 24

(1) ഉപഖണ്ഡം (1)-ൽ

(i) ഇനം (iii) ഒഴിവാക്കുക

(ii) ഇനം (iv)-ൽ " ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കുകൾക്കുശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ " എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (v)-ൽ " ഗവൺമെന്റ് സെക്രട്ടറി" എന്ന വാക്കുകൾക്കുശേഷം " അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(iv) ഇനം (iv) മുതൽ (xv) വരെയുള്ളവ (iii) മുതൽ (xiv) വരെയായി പുനരക്കം ചെയ്യുക.

(v) പുനരക്കം ചെയ്ത ഇനം (xiv)-ന് ശേഷം താഴെ പറയുന്ന ഇനം ചേർക്കുക--

" (xv) വിദ്യാർത്ഥി കൗൺസിലിന്റെ ജനറൽ സെക്രട്ടറി;"

(vi) ഇനം (xv)-ന് ശേഷം താഴെപ്പറയുന്ന ശീർഷകവും ഇനവും യഥാക്രമം ചേർക്കുക-

**"തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ**

കൈമാററം ചെയ്യാവുന്ന ഒറ്റ വോട്ട് വഴി ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് നിയമസഭാ സാമാജികർക്കിടയിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന അഞ്ച് അംഗങ്ങൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതികളിലോ പട്ടികഗോത്രവർഗ്ഗങ്ങളിലോ പെട്ടതായിരിക്കേണ്ടതുമാണ്."

(vii) നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്ന ശീർഷകത്തിന് താഴെയുള്ള ഇനം (ii) ഒഴിവാക്കുക.

(viii) ഇനം (iii) മുതൽ (vi) വരെയുള്ളവ (ii) മുതൽ (v) വരെയായി പുനരക്കം ചെയ്യുക.

(ix) അപ്രകാരം പുനരക്കം ചെയ്ത ഇനം (v)-ന് പകരം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:--

" (v) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് എഞ്ചിനീയറിംഗ് കോളേജ് മാനേജർമാർ, അവരിൽ രണ്ട് പേർ അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽനിന്നുള്ള ആളുകളും ഒരാൾ സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് സ്വാശ്രയ മേഖലയിൽനിന്നുള്ള ആളും ആയിരിക്കേണ്ടതാണ്.

(vi) സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ നിയന്ത്രിത അൺഎയ്ഡഡ് കോളേജ്, അൺഎയ്ഡഡ് കോളേജ് എന്നിവയിൽനിനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഓരോ അദ്ധ്യാപകർ വീതം. അവർ പി.എച്ച്.ഡി. ഉള്ളവരും പത്ത് വർഷത്തിൽ കുറയാതെയുള്ള അദ്ധ്യാപന പരിചയമുള്ളവരും ആയിരിക്കേണ്ടതാണ്."

(x) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ ഇനം (ii)-ന് പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:--

"(ii) സ്റ്റാർട്ട്-അപ് വില്ലേജിന്റെ ചെയർമാൻ."

ഖണ്ഡം 26

(1) ഇനം (xiii)-ൽ "42" എന്ന അക്കങ്ങൾക്കുപകരം "41" എന്ന അക്കങ്ങൾ ചേർക്കുക.

(2) ഇനം (xvi)-ന് പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:--

"(xvi) സ്വകാര്യ കോളേജുകളിലെയും കോൺസ്റ്റിറ്റ്യുവന്റ് കോളേജുകളിലെയും അദ്ധ്യാപകരുടെ പെരുമാറ്റച്ചട്ടം ഉൾപ്പെടെയുള്ള സേവന വ്യവസ്ഥകളും ജോലിഭാരവും, പ്രവർത്തനമികവ് വിലയിരുത്തുന്നതിനുള്ള മാനദണ്ഡങ്ങളും നിശ്ചയിക്കുക."

(3) ഇനം (xix)-ന് ശേഷം ക്ലിപ്ത നിബന്ധനയായി താഴെപ്പറയുന്നവ ചേർക്കുക:--

"എന്നാൽ, സ്ഥാവര വസ്തുവകകൾ തീറുകൊടുക്കുകയോ അന്യാധീനപ്പെടുത്തുകയോ മറ്റ് വിധത്തിൽ കൈയൊഴിയുകയോ ചെയ്യുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതി വാങ്ങിയിരിക്കേണ്ടതാണ്."

ഖണ്ഡം 27

(1) ഉപഖണ്ഡം (1)-ൽ "ചെയർമാൻ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(2) ഉപഖണ്ഡം (3)-ൽ

(i) "ചെയർമാന്" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർക്ക്" എന്ന വാക്ക് ചേർക്കുക.

(ii) " ചെയർമാൻ" എന്ന വാക്കിനുപകരം വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(3) ഉപഖണ്ഡം (5)-ൽ

(i) " ചെയർമാൻ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(ii) " വൈസ്-ചാൻസലർ" എന്ന വാക്കിനുപകരം "പ്രോ-വൈസ്-

ചാൻസലർ" എന്ന വാക്ക് ചേർക്കുക.

(iii) " ചെയർമാന്റെ" എന്ന വാക്കിനുപകരം "വൈസ്-ചാൻസലറുടെ" എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 28

(1) "എക്സ്-ഒഫീഷ്യോ അംഗങ്ങൾ" എന്ന ശീർഷകത്തിൽ,--

(i) ഇനം (iii)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (iv)-ൽ "ഗവൺമെന്റ് സെക്രട്ടറി" എന്നീ വാക്കുകൾക്കുശേഷം "അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ" എന്നീ വാക്കുകൾ ചേർക്കുക.

(iii) ഇനം (ix)-ൽ "ഒരംഗം" എന്ന വാക്കിനുപകരം "രണ്ടംഗങ്ങൾ" എന്ന വാക്ക് ചേർക്കുക.

(iv) ഇനം (x)-നുശേഷം താഴെപ്പറയുന്ന ഇനങ്ങൾ ചേർക്കുക:--

"(xi) വിദ്യാർത്ഥി കൗൺസിലിന്റെ ചെയർമാൻ;

(xii) അദ്ധ്യാപകരിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം;

(xiii) സ്വകാര്യ കോളേജ് മാനേജർമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം."

(2) "മറ്റ് അംഗങ്ങൾ" എന്ന ശീർഷകത്തിൻകീഴിൽ നിലവിലുള്ള ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കുക:

"നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളിൽനിന്നും ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന ഒരംഗം."

ഖണ്ഡം 32

(1) ഉപഖണ്ഡം (2)-ൽ

(i) ഇനം (iii)-ൽ "സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്കുപകരം "വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

(ii) ഇനം (iv)-ൽ " സർക്കാർ ശിപാർശയിന്മേൽ ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾക്കുപകരം " വൈസ്-ചാൻസലറുടെ ശിപാർശയിന്മേൽ ബോർഡ് ഓഫ് ഗവർണേഴ്സ് നാമനിർദ്ദേശം ചെയ്യുന്ന" എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 36

(1) ഇനം (iii) താഴെ പറയും പ്രകാരം മാറ്റുക:

" ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

(2) ഇനം (vi)-ന് പകരം താഴെ പറയുന്ന ഇനം ചേർക്കുക:-

" (vi) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കേരളത്തിലെ ഒരു സർവ്വകലാശാലയിലെ വൈസ്-ചാൻസലർ (എക്സ്-ഒഫീഷ്യോ അംഗം)."

(3) ഇനം (xv) താഴെപ്പറയും പ്രകാരം മാറ്റുക:

" ധനകാര്യ വകുപ്പിന്റെ ചുമതലയുള്ള ഗവൺമെന്റ് സെക്രട്ടറി, അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തുന്ന അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ;"

(4) ഇനം (xvii)-ന ശേഷം താഴെ പറയുന്ന ഇനം ചേർക്കുക:

" (xviii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് അദ്ധ്യാപക പ്രതിനിധികൾ."

ഖണ്ഡം 38

" ആസൂത്രണസമിതി" എന്ന വാക്കിന് ശേഷം, "വിദ്യാർത്ഥി കൗൺസിൽ " എന്നീ ചിഹ്നവും വാക്കുകളും ചേർക്കുക.

ഖണ്ഡം 40

(1) ഉപഖണ്ഡം (2)-ൽ " യാതൊരു വ്യവഹാരവും നൽകാനോ സർവ്വകലാശാല അല്ലെങ്കിൽ അധികാരസ്ഥാനം അല്ലെങ്കിൽ നികായത്തിൽ നിന്നും നഷ്ടപരിഹാരം അവകാശപ്പെടാനോ പാടുള്ളതല്ല " എന്നീ വാക്കുകൾക്കു പകരം " ഏതെങ്കിലും സിവിൽ കോടതിയിൽ യാതൊരു വ്യവഹാരവും നൽകുവാൻ പാടുള്ളതല്ല" എന്നീ വാക്കുകൾ ചേർക്കുക.

(2) ഉപഖണ്ഡം (5) ഒഴിവാക്കുക.

ഖണ്ഡം 45

(1) ഇനം (i)-ൽ " 44" എന്ന അക്കങ്ങൾക്ക് പകരം "43" എന്ന അക്കങ്ങൾ ചേർക്കുക.

(2) ഇനം (iii)-ൽ "ചെയർമാന് "എന്ന വാക്കിനു പകരം "ചാൻസലർക്ക് " എന്ന വാക്ക് ചേർക്കുക.

ഖണ്ഡം 53

ഉപഖണ്ഡം (1) താഴെ പറയും പ്രകാരം മാറ്റുക:

" (1) സർവ്വകലാശാലയുടെ വാർഷിക റിപ്പോർട്ട് സർവ്വകലാശാല തയ്യാറാക്കേണ്ടതും ബോർഡ് ഓഫ് ഗവർണേഴ്സിന്റെ അംഗീകാരം ലഭിച്ചതിനുശേഷം ആയത് പ്രസിദ്ധീകരിക്കുകയും തുടർന്നുവരുന്ന വർഷം സെപ്റ്റംബർ 15-ാം തീയതിയോ അതിനു മുമ്പോ അത് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്."

ഖണ്ഡം 59

ഉപഖണ്ഡം (1)-ൽ " (iv) അക്കാദമിക സ്വയംഭരണത്തോടുകൂടിയ കോളേജുകളായോ " എന്നീ വാക്കുകൾക്കും ചിഹ്നങ്ങൾക്കും അക്കങ്ങൾക്കും പകരം " (v) സ്ഥാപനമായോ " എന്ന ചിഹ്നങ്ങളും അക്കവും വാക്കും ചേർക്കുക.

ഉപഖണ്ഡം (1)-ൽ " 59 " എന്ന അക്കങ്ങൾക്കുപകരം " 58 " എന്ന അക്കങ്ങൾ ചേർക്കുക.

ഖണ്ഡം 60

ഉപഖണ്ഡം (4)-ൽ " ഒരു കോളേജ് " എന്നീ വാക്കുകൾക്കുപകരം " ഒരു കോളേജോ സ്ഥാപനമോ " എന്നീ വാക്കുകൾ ചേർക്കുക.

ഖണ്ഡം 63

നിലവിലുള്ള ഖണ്ഡം ഉപഖണ്ഡം (1) ആയി പുനരക്കം ചെയ്യുകയും അങ്ങനെ പുനരക്കം ചെയ്ത ഉപഖണ്ഡം (1)-ന് ശേഷം താഴെ പറയുന്ന ഉപഖണ്ഡം ചേർക്കുകയും ചെയ്യുക:-

" (2) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഏതെങ്കിലും കോളേജുകൾക്ക് അക്കാദമിക സ്വയംഭരണാധികാരം നൽകുന്നതിന് 1974 ലെ കേരള സർവ്വകലാശാല ആക്ടിന്റെ (1974-ലെ 17) VIII ബി അദ്ധ്യായത്തിൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകൾ, ആവശ്യമായ മാറ്റങ്ങളോടെ, ബാധകമായിരിക്കുന്നതും പ്രസ്തുത അദ്ധ്യായത്തിൽ സ്വയംഭരണാധികാരം നൽകുന്നതുമായി ബന്ധപ്പെട്ട സ്വയംഭരണ അംഗീകാര സമിതിയിൽ സർവ്വകലാശാലയുടെ വൈസ്-ചാൻസലർ കൂടി ഉൾപ്പെടുന്നതും പ്രസ്തുത അദ്ധ്യായത്തിൽ പ്രയോഗിച്ചിട്ടുള്ള വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും പ്രസ്തുത ആക്ടിൽ നിർവ്വചിച്ചിട്ടുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതുമാണ്."

ഖണ്ഡം 13 മുതൽ 74 വരെയുള്ളവ 12 മുതൽ 73 വരെയായി പുനരക്കം ചെയ്യുകയും അപ്രകാരം പുനരക്കം ചെയ്ത ഖണ്ഡം 73 ന പകരം താഴെ പറയുന്ന ഖണ്ഡം ചേർക്കുകയും ചെയ്യുക:-

" 73. <u>സാധൂകരണം:-</u> (1) 2015 ലെ കേരള ശാസ്ത്രസാങ്കേതിക സർവ്വകലാശാല ഓർഡിനൻസിന് (2015-ലെ 4) (ഇതിനുശേഷം പ്രസ്തുത ഓർഡിനൻസ് എന്നാണ് പരാമർശിക്കപ്പെടുക) പ്രാബല്യമില്ലാതായിത്തീർന്നിരുന്നുവെന്നാൽ തന്നെയും,_

പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും,

(ബി) പ്രസ്തുത ഓർഡിനൻസിന് പ്രാബല്യമില്ലാതായിത്തീർന്നതിനു ശേഷവും ഈ ആക്ട് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ തീയതിക്കുമുമ്പും ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ, അവ പ്രസ്തുത ഓർഡിനൻസിനു പ്രാബല്യം ഇല്ലാതായിത്തീർന്നില്ലായിരുന്നുവെങ്കിൽ പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്യുകയോ എടുക്കുകയോ ചെയ്യുമായിരുന്നു എന്ന പോലെ, ഈ ആക്ട് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതും; ആകുന്നു.

(2) പ്രസ്തുത ഓർഡിനൻസ് പ്രാബല്യത്തിലില്ലാതായിത്തീർന്നത്,_

(എ) അതിൻപ്രകാരം ആർജ്ജിച്ചതോ ഉണ്ടായതോ പ്രാപ്തമായതോ ആയ ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ ബാധിക്കുന്നതല്ലാത്തതും; അല്ലെങ്കിൽ

(ബി) അപ്രകാരമുള്ള ഏതെങ്കിലും അവകാശത്തെയോ, വിശേഷാവകാശത്തെയോ കടപ്പാടിനെയോ അല്ലെങ്കിൽ ബാദ്ധ്യതയെയോ സംബന്ധിച്ച ഏതെങ്കിലും നിയമനടപടികളെയോ അല്ലെങ്കിൽ പരിഹാര നടപടികളെയോ ബാധിക്കുന്നതല്ലാത്തതും അങ്ങനെയുള്ള ഏതൊരു നടപടിയോ പരിഹാര നടപടിയോ ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തിടത്തോളം ആരംഭിക്കുകയോ തുടരുകയോ അല്ലെങ്കിൽ നടപ്പാക്കുകയോ ചെയ്യാവുന്നതും ആകുന്നു."

<u>പട്ടിക</u>

പട്ടികയിൽ "73" എന്ന അക്കങ്ങൾക്കു പകരം "72" എന്ന അക്കങ്ങൾ ചേർക്കുക.

ബില്ലിൽ (1) " ശാസ്ത്രസാങ്കേതിക" എന്ന വാക്ക് വരുന്നിടത്തെല്ലാം "സാങ്കേതികശാസ്ത്ര" എന്ന വാക്ക് ചേർക്കുക.

സർവ്വശ്രീ. എം.എ. ബേബി, റ്റി.വി. രാജേഷ്, ഇ. ചന്ദ്രശേഖരൻ, ഡോ. കെ.ടി. ജലീൽ, എന്നീ സമിതി അംഗങ്ങൾ റിപ്പോർട്ടിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

സമിതി രാത്രി 7.15 ന് യോഗം പിരിഞ്ഞു.

## 9. 26-8-2015 ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2015 ആഗസ്റ്റ് 8-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 3.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗം ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും താഴെപ്പറയുന്ന അംഗവും ഹാജരായിരുന്നു.

ഡോ. കെ.ടി.ജലീൽ, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എൽ. ജ്യോതി, അണ്ടർ സെക്രട്ടറി.

സമിതിയുടെ അഖിലേന്ത്യാ പഠന പര്യടനം സംബന്ധിച്ച് യോഗം ചർച്ച ചെയ്തു. അഖിലേന്ത്യാ പഠന പര്യടനത്തിന്റെ ഭാഗമായി മുംബൈ ഐ.ഐ.ടി., അഹമ്മദാബാദ് ഐ.ഐ.എം., ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഡൽഹിയിലെ ആർക്കിയോളജിക്കൽ മ്യൂസിയം എന്നിവ ഡിസംബർ ആദ്യവാരം സന്ദർശിക്കുന്നതിന് സമിതി തീരുമാനിക്കുകയും പ്രസ്തുത സ്ഥലങ്ങൾ ഉൾപ്പെടുത്തി ടൂർ പ്രോഗ്രാം തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ഷെഡ്യൂൾ തയ്യാറാക്കിയതിനുശേഷം യോഗം ചേരാമെന്നും സമിതി തീരുമാനിച്ചു.

യോഗം ഉച്ചയ്ക്ക് ശേഷം 3.45 ന് പിരിഞ്ഞു.

## 10. 01.12.2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2015 ഡിസംബർ 1-ാം തീയതി ചൊവ്വാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം വൈകുന്നേരം 3.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ബി' സമ്മേളനഹാളിൽ സമിതി ചെയർമാൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

**ഹാജരായ അംഗങ്ങൾ**

1. ശ്രീ. ഇ. ചന്ദ്രശേഖരൻ, എം.എൽ.എ
2. ഡോ. കെ.ടി. ജലീൽ, എം.എൽ.എ
3. ശ്രീ. ജോസഫ് വാഴയ്ക്കൻ, എം.എൽ.എ
4. ശ്രീ. ഷാഫി പറമ്പിൽ, എം.എൽ.എ
5. ശ്രീ. എം. ഉമ്മർ, എം.എൽ.എ
6. ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ.

**നിയമസഭാ സെക്രട്ടേറിയറ്റ്:**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജ്യോതി എൽ., അണ്ടർ സെക്രട്ടറി.

**ഹാജരായ ഉദ്യോഗസ്ഥർ:**

1. ശ്രീ. ബി. ശ്രീനിവാസ്, സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
2. ശ്രീ. ഫിന്നി സക്കറിയ, അഡീഷണൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസ വകുപ്പ്.
4. ശ്രീ. കെ.എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്.
5. ശ്രീ. തോമസ് സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.

യോഗത്തിൽ സമിതി 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ഖണ്ഡം 2

ഉപഖണ്ഡം (എ)യിൽ

(i) നിലവിലുള്ള ഇനം (ix) ഇനം (xi) ആയും ഇനം (xi) ഇനം (ix) ആയും പുന:ക്രമീകരിക്കുക.

(ii) അപ്രകാരം പുന:ക്രമീകരിച്ച ഇനം (ix)ൽ '2011-ലെ കേരള വെറ്ററിനറിയും' എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം '2010-ലെ കേരള വെറ്ററിനറിയും' എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിൽ, സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനത്തിനായി കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നേരിട്ടേക്കാവുന്ന ചെലവുകൾ ബന്ധപ്പെട്ട സർവ്വകലാശാലകൾ വഹിക്കണമെന്നാണ് പറഞ്ഞിരിക്കുന്നതെന്നും പരീക്ഷാ നടത്തിപ്പിനായി പി.എസ്.സി.ക്ക് ഗവൺമെന്റ് ഫണ്ട് നൽകുന്നുണ്ട് എന്നതിനാൽ ഇത് പുന:പരിശോധിക്കണമെന്നും സമിതി ഉന്നതവിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിച്ചു.

സർവ്വശ്രീ ഇ. ചന്ദ്രശേഖരൻ, ഡോ. കെ.ടി. ജലീൽ എന്നിവർ ബില്ലിന്മേൽ വിയോജനക്കുറിപ്പ് രേഖപ്പെടുത്തി.

യോഗം വൈകുന്നേരം 4.25-ന് പിരിഞ്ഞു.

## 11. 02-12-2015-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI, 2015 ഡിസംബർ 2-ാം തീയതി ബുധനാഴ്ച നിയമസഭാ സമ്മേളനത്തിനുശേഷം രാത്രി 9.50 ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ, സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു.

1. ശ്രീ. എം.എ.ബേബി, എം.എൽ.എ
2. ഡോ.കെ.ടി.ജലീൽ, ,,
3. ശ്രീ. റ്റി.വി. രാജേഷ്, ,,
5. ശ്രീ.ഷാഫി പറമ്പിൽ, ,,
6. ശ്രീ.പി.സി.വിഷ്ണുനാഥ്, ,,

**നിയമസഭാ സെക്രട്ടേറിയറ്റ്**

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജ്യോതി.എൽ, അണ്ടർ സെക്രട്ടറി

**ഹാജരായ മറ്റ് ഉദ്യോഗസ്ഥർ**

1. ശ്രീ. എം.ശിവശങ്കർ, സെക്രട്ടറി, കായിക വകുപ്പ്
2. ശ്രീ.ഡി.സാജു, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീ.കെ.എസ്.മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്
4. ശ്രീ.തോമസുകുട്ടി സെബാസ്റ്റ്യൻ, ജോയിന്റ് സെക്രട്ടറി, നിയമവകുപ്പ്.
5. ഡോ.ബിനു ജോർജ് വർഗ്ഗീസ്, സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

സമിതി 2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡം 2

ഉപഖണ്ഡം (ജി) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന ഖണ്ഡം (xvi)-ൽ " (1955-ലെ 12), 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം കേന്ദ്ര ആക്ട്) എന്നിവ പ്രകാരം" എന്നതിന് പകരം " (1955 ലെ 12) അല്ലെങ്കിൽ 1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് (1860-ലെ 21-ാം കേന്ദ്ര ആക്ട്) പ്രകാരം" എന്ന് ചേർക്കുക.

ഖണ്ഡം 3

1. ഉപഖണ്ഡം (എ) യ്ക്കും അതിന് താഴെയുള്ള ഇനം (i) നും പകരം താഴെപ്പറയുന്ന ഉപഖണ്ഡവും ഇനവും യഥാക്രമം ചേർക്കുക.

   " (എ ) (3)-ാം ഉപവകുപ്പിൽ,-

   (i) " തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി), (സി), (ഡി), (ഇ) ,(എഫ്), (ജി),(എച്ച്), (ഐ), (ജെ) എന്നീ ഇനങ്ങളും " (എ)" എന്ന അക്ഷരവും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ്." ;

2. "സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ

   i. ഇനം (ബി) യിൽ "മൂന്ന്" എന്ന വാക്കിനു പകരം "അഞ്ച്" എന്ന വാക്ക് ചേർക്കുക.

   ii. ഇനം (ജെ) യ്ക്ക് ശേഷം താഴെപ്പറയുന്ന ഇനം ചേർക്കുക.

   " (കെ) സംസ്ഥാനത്തെ സ്പോർട്സ് ജേർണലിസ്റ്റുകളിൽ നിന്നുള്ള രണ്ടുപേർ;" ;

3. ഉപഖണ്ഡം (ബി) പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന ഉപവകുപ്പ് (4) ൽ " (i)-ാം ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കും ഒഴിവാക്കുക.

4. ഉപഖണ്ഡം (ബി) യ്ക്ക് ശേഷം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക

   " (സി) (7)-ാം ഉപവകുപ്പിലെ രണ്ടാം ക്ലിപ്തനിബന്ധന ഒഴിവാക്കേണ്ടതാണ് ;" ;

5. നിലവിലുള്ള ഉപഖണ്ഡം (സി) ഉപഖണ്ഡം (ഡി) ആയി പുനരക്ഷരം ചെയ്യുക

ഖണ്ഡം 4

ഉപഖണ്ഡം (എ)-ൽ ഇനം (iii) ൽ " (iv)" എന്ന അക്കങ്ങൾക്കും ചിഹ്നങ്ങൾക്കും പകരം " (vi)" എന്ന അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

ഖണ്ഡം 6

1. ശീർഷകത്തിലും പ്രാരംഭവാചകത്തിലും "വകുപ്പുകൾ" എന്ന വാക്കിന് പകരം "വകുപ്പ്" എന്ന വാക്ക് ചേർക്കുക.

2. പ്രധാന ആക്റ്റിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ പ്രാരംഭ വാചകത്തിനു പകരം താഴെപ്പറയുന്ന വാചകം ചേർക്കുക

" (1) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി താഴെപ്പറയുന്ന അംഗങ്ങൾ അടങ്ങിയ ഒരു അഡ്മിനിസ്ട്രേറ്റീവ് ബോർഡ് സർക്കാർ രൂപീകരിക്കേണ്ടതാണ്, അതായത്:-"

ഖണ്ഡം 7

ഉപഖണ്ഡം (എ) യ്ക്കു പകരം താഴെപ്പറയുന്ന ഉപഖണ്ഡം ചേർക്കുക:

" (എ) (3)-ാം ഉപവകുപ്പിൽ,-

(i) "തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ (ബി) മുതൽ (ഇ) വരെയുള്ള ഇനങ്ങളും "(എ)" എന്ന അക്ഷരവും ബ്രാക്കറ്റും ഒഴിവാക്കേണ്ടതാണ്;

(ii) " നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ" എന്ന ശീർഷകത്തിൻ കീഴിൽ,

" (എ) ഖണ്ഡത്തിന് പകരം താഴെ പറയുന്ന ഖണ്ഡവും ഇനങ്ങളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:-

(എ) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന,-

(i) ജില്ലയിലെ അസംബ്ലി നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിക്കുന്ന നിയമസഭാംഗങ്ങളിൽ നിന്നുള്ള മൂന്നിലൊന്ന് അംഗങ്ങൾ;

(ii) ജില്ലയിലുള്ള മേയർ അല്ലെങ്കിൽ മുനിസിപ്പൽ കൗൺസിൽ ചെയർപേഴ്സൺമാർക്കിടയിൽ നിന്നുള്ള ഒരാൾ;

(iii) ജില്ലയിലുള്ള ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നുള്ള ഒരാൾ;

(iv) ജില്ലയിലുള്ള ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്ന്, അവരുടെ ആകെ എണ്ണം അൻപതോ അതിൽ കുറവോ ആണെങ്കിൽ മൂന്ന് പേരും അൻപതിൽ കൂടുതലാണെങ്കിൽ അഞ്ച് പേരും, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടികഗോത്രവർഗ്ഗത്തിലോപെട്ട ആളും ആയിരിക്കേണ്ടതാണ്;

(v) ജില്ലയിലെ അംഗീകൃത കോച്ചുമാരിൽ നിന്നുള്ള രണ്ടു പേർ;" .

## ഖണ്ഡം 12

ഖണ്ഡം 12- പ്രകാരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ 30-ാം വകുപ്പിന്റെ 5-ാം ഉപവകുപ്പിൽ " (5) " എന്ന അക്കത്തിനും ചിഹ്നങ്ങൾക്കും പകരം " (3) " എന്ന അക്കവും ചിഹ്നങ്ങളും ചേർക്കുക

## ഖണ്ഡം 13

ഉപഖണ്ഡം (iv)-ലെ ക്ലിപ്തനിബന്ധനയിൽ "മൂന്ന് തവണ അല്ലെങ്കിൽ എഴുപത് വയസ്സ് പൂർത്തിയാകൽ " എന്നീ വാക്കുകൾക്ക് പകരം "2015-ലെ കേരള സ്പോർട്സ് (ഭേദഗതി) ആക്റ്റ് പ്രാബല്യത്തിൽ വന്ന തീയതിയ്ക്കുശേഷം എൺപത് വയസ്സ് പൂർത്തിയാകൽ" എന്നീ വാക്കുകൾ ചേർക്കുക.

## ഖണ്ഡം 17

1. ഖണ്ഡം 17 ന പകരം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക.

" 17. <u>41-ാം വകുപ്പിന്റെ ഭേദഗതി.-</u> പ്രധാന ആക്റ്റിലെ 41-ാം വകുപ്പ് (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

" (1) ഈ ആക്റ്റ് പ്രകാരം തീർപ്പാക്കേണ്ടുന്ന അപ്പീലുകളിന്മേൽ തീരുമാനം എടുക്കുന്നതിനായി ഒരു അപ്പലേറ്റ് ട്രൈബ്യൂണൽ, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ രൂപീകരിക്കേണ്ടതാണ് ;" .

2. ഖണ്ഡം 17 ന ശേഷം താഴെപ്പറയുന്ന ഖണ്ഡം ചേർക്കുക:

" 17 എ. 42-ാം വകുപ്പിന്റെ ഭേദഗതി.- പ്രധാന ആക്റ്റിന്റെ 42-ാം വകുപ്പിൽ "അപ്പലേറ്റ് ട്രൈബ്യൂണൽ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾക്ക് പകരം "ജില്ലാതല തർക്കപരിഹാര സമിതിയോ സംസ്ഥാന തർക്കപരിഹാര സമിതിയോ അപ്പലേറ്റ് ട്രൈബ്യൂണലോ തീർപ്പാക്കേണ്ടതായ ഏതെങ്കിലും തർക്കമോ" എന്നീ വാക്കുകൾ ചേർക്കേണ്ടതാണ്.

സർവ്വശ്രീ എം.എ ബേബി, റ്റി.വി.രാജേഷ്, ഡോ.കെ.ടി.ജലീൽ, എന്നിവർ ബില്ലിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തി.

യോഗം രാത്രി 10.30 ന് പിരിഞ്ഞു.

## 12. 18.02.2016-ലെ യോഗനടപടിക്കുറിപ്പ്

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി VI, 2016 ഫെബ്രുവരി 18-ാം തീയതി, വ്യാഴാഴ്ച, സഭാ സമ്മേളനത്തിനുശേഷം നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി അദ്ധ്യക്ഷൻ ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. പ്രസ്തുത യോഗത്തിൽ സമിതിയുടെ എക്സ്-ഒഫിഷ്യോ അംഗമായ ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രിയും താഴെപ്പറയുന്ന സമിതി അംഗവും സന്നിഹിതരായിരുന്നു.

1. ശ്രീ. പി.സി. വിഷ്ണുനാഥ്, എം.എൽ.എ

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u>

1. ശ്രീ. തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി. ജ്യോതി എൽ, അണ്ടർ സെക്രട്ടറി.

<u>മറ്റ് ഉദ്യോഗസ്ഥർ</u>

1. ശ്രീ. സാജു. ഡി, സ്പെഷ്യൽ സെക്രട്ടറി, നിയമ വകുപ്പ്.
2. ശ്രീ. കെ. എസ്. മധുസൂദനൻ, അഡീഷണൽ സെക്രട്ടറി, നിയമ വകുപ്പ്.
3. ശ്രീമതി. ബി. എസ്. പാവന കുമാരി, അഡീഷണൽ സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്
4. ശ്രീ. ജെ. റെജി കുമാർ, ഡയറക്ടർ ഓഫ് ആർക്കൈവ്സ്
5. ശ്രീ. ജി. പ്രേംകുമാർ, ഡയറക്ടർ, പുരാവസ്തു വകുപ്പ്
6. ശ്രീമതി. എം. ടി. സുലേഖ, ഡയറക്ടർ, സംസ്ഥാന സർവ്വ വിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ട്

ദി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എൻസൈക്ലോപീഡിക് പബ്ലിക്കേഷൻസ് (കേരള) സൊസൈറ്റി ജനറൽ ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, സ്പെഷ്യൽ റൂൾസ് ഫോർ ദി സ്റ്റേറ്റ് ആർക്കൈവ്സ് സർവ്വീസ് & സബോർഡിനേറ്റ് സർവ്വീസ്, 2015, കേരള ആർക്കിയോളജിക്കൽ സർവ്വീസ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ്, 2015 എന്നിവയുടെ കരട് സമിതി പരിഗണിക്കുകയും താഴെപ്പറയും പ്രകാരം തീരുമാനമെടുക്കുകയും ചെയ്തു.

സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിനെ 'The Kerala Public Service Commission (Consultation by Committee of Co-operative Societies) Rules, 1998'-ന്റെ പരിധിയിൽപ്പെടുത്തുകയോ അല്ലെങ്കിൽ സംസ്ഥാന സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനം പി എസ് സിക്ക് വിടുന്നതു സംബന്ധിച്ച പുതിയ ചട്ടങ്ങൾ രൂപീകരിക്കുകയോ ചെയ്തശേഷം സമിതിയെ അറിയിക്കണമെന്ന് സാംസ്കാരിക കാര്യ വകുപ്പിനോട് സമിതി നിർദ്ദേശിക്കുകയും ഇക്കാര്യത്തിൽ വകുപ്പിൽ നിന്നുള്ള മറുപടി ലഭിച്ച ശേഷം സർവ്വവിജ്ഞാന കോശം ഇൻസ്റ്റിറ്റ്യൂട്ടിനെ സംബന്ധിച്ച പ്രസ്തുത സ്പെഷ്യൽ റൂൾ സബ്ജക്ട് കമ്മിറ്റി പരിഗണിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാമെന്നും സമിതി തീരുമാനിച്ചു.

സംസ്ഥാന പുരാരേഖ വകുപ്പ്, കേരള പുരാവസ്തു വകുപ്പ് എന്നിവയുടെ സ്പെഷ്യൽ റൂളുകളിൽ പ്രഥമദൃഷ്ട്യാ സമിതിയുടെ ശ്രദ്ധയിൽപ്പെട്ട അച്ചടിപ്പിശക് സംബന്ധിച്ച കുറിപ്പുകൾ ഉൾപ്പെടെയുള്ള ന്യൂനതകൾ വകുപ്പിന് നൽകുകയും ആയവ പരിഹരിച്ച് വീണ്ടും സമർപ്പിക്കണമെന്ന് സമിതി സാംസ്കാരിക കാര്യ വകുപ്പിനോട് നിർദ്ദേശിക്കുകയും ആയവ ലഭ്യമായതിനുശേഷം വീണ്ടും പ്രസ്തുത സ്പെഷ്യൽ റൂളുകൾ പരിഗണിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

പുരാവസ്തു വകുപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതു സംബന്ധിച്ച് നിയമസഭാ ചട്ടം 235 എ പ്രകാരമുള്ള ചർച്ച സമിതി മാറ്റി വച്ചു.

സമിതി യോഗം രാവിലെ 11.45 ന് സമാപിച്ചു.

---

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.